2011 SEPTEMBER 25 Vol. 04 Issue: 18

ബിലീവേഴ്സ് ജേണൽ

BELIEVERS JOURNAL

INSIGHT MAGAZINE
A Christian Online Monthly
For Free Subscription
Kindly Visit:
www.insightpublications. org

RNI. No.KERMAL/2008/26530 | POSTAL Reg.No. KL/TLA 225/2009-11 | Annual Subscription Rs. 100/- | Pages: 08




**ബിലീവേഴ്സ് ജേണൽ നടത്തുന്ന അഭിപ്രായ സർവ്വേയ്ക്ക് വ്യാപകമായ പ്രതികരണമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. നിങ്ങൾക്കും അഭിപ്രായം അറിയിക്കാം. ഒക്ടോബർ 5 വരെ ലഭിക്കുന്ന അഭിപ്രായങ്ങൾ മാത്രമേ സ്വീകരിക്കുകയുള്ളു.**

## ജേണൽ അഭിപ്രായ സർവ്വേ ഫല പ്രഖ്യാപനം ഒക്ടോബർ 10 ന്



1. ഇപ്പോഴത്തെ തെരഞ്ഞെടുപ്പു രീതിയെ അംഗീകരിക്കുന്നുവോ?
2. ഇപ്പോഴുള്ള ഭരണ സമിതിയുടെ പ്രവർത്തനങ്ങളിൽ തൃപ്തനാണോ?
3. പുതിയ ഭരണ സമിതിയിലേക്ക് നിങ്ങൾ ആരെ തിരഞ്ഞെടുക്കുന്നു. പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോ. സെക്രട്ടറി, ട്രഷറാർ?

ജേണലിന്റെ ചോദ്യങ്ങൾക്ക് നിങ്ങൾക്കു മറുപടി പറയാം. നിങ്ങളുടെ അഭിപ്രായങ്ങൾ ഈ- മെയിൽ, എസ്. എം. എസ്, തപാൽ മാർഗ്ഗങ്ങളിൽ അറിയിക്കാം.

E - mail: beljourn@gmail.com,
S. M.S. : 9020461909 Address: P. B. No. 31, Manjadi P.O, Thiruvalla , Kerala - 698 105

## ബൈബിളിന്റെ ദൈവ നിശ്വാസിയതയ്ക്കെതിരെ മുൻ മർത്തോമ്മാ പുരോഹിതൻ

**തിരുവല്ല:** ബൈബിളിലെ ഇയ്യോബിന്റെ പുസ്തകം ഒരു നോവൽ മാത്രമാണ്. മത്തായിയുടെ സുവിശേഷം 28 ൽ പരാമർശിക്കുന്ന ആകയാൽ നിങ്ങൾ പുറപ്പെട്ട്... ശിഷ്യരാക്കികൊൾവിൻ എന്ന വേദഭാഗം പിന്നീട് കൂട്ടിച്ചേർത്തതാണ്. സ്നാനത്തെക്കുറിച്ച് പറയുന്ന ഭാഗങ്ങളെല്ലാം ഇത്തരം കൂട്ടിച്ചേർക്കലാൽ സംഭവിച്ചതാണ്. അതുകൊണ്ട് ബൈബിൾ പൂർണ്ണമായ അർത്ഥത്തിൽ ദൈവവചനമല്ല. ശിശുസ്നാനം സ്ഥാപിക്കാൻ പാരമ്പര്യത്തിന്റെ വാറോലകളെ കൂട്ടുപിടിച്ച് പുസ്തകം ഇറക്കിയ റവ. സണ്ണി ഏബ്രഹാം എന്ന മുൻ മർത്തോമ്മാ പുരോഹിതനാണ് ഈ വാദഗതിയുടെ വക്താവ്.

ഇദ്ദേഹം പ്രസിദ്ധീകരിക്കുന്ന നവീകരണം എന്ന മാസികയിൽ അച്ചനോട് ചോദിക്കുക എന്ന പംക്തിയിലാണ് വിവാദ പരാമർശം കടന്നു കൂടിയിരിക്കുന്നത്. സുവാർത്ത ബുക്സ് എന്ന പേരിൽ ബുക്സ് സ്റ്റാൾ നടത്തിവരുന്ന ഇദ്ദേഹം ബ്രദറൺ പെന്തെക്കോസ്ത് ബാപ്റ്റിസ്റ്റ് സഭകളുടെ കടുത്ത വിമർശകനാണ്. വേർപെട്ട സഭകളുടെ വളർച്ചയിൽ അസൂയാലുവായ ഇദ്ദേഹം ഇതിനു മുമ്പ് സ്നാനത്തെ തെറ്റിദ്ധരിപ്പിക്കുന്ന പുസ്തകം പ്രസിദ്ധം ചെയ്തിട്ടുണ്ട്. എന്നാൽ ബൈബിൾ ദൈവവചനമല്ല എന്ന വാദം ഇത്ര വ്യക്തമായി പറയുന്നത് ഇത് ആദ്യമാണ്. മർത്തോമ്മാ സഭയ്ക്കു കീഴിൽ ചുമതലകളൊന്നുമില്ലാത്ത ആൾ എന്ന നിലയിൽ നടപടികളൊന്നും ഇദ്ദേഹത്തിനെതിരെ ഉണ്ടാവുകയില്ല. ഏതെങ്കിലും ഇടവകയുടെ ശുശ്രൂഷ ഇല്ലാത്ത ഇദ്ദേഹം ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യയുടെ കേരളത്തിലെ ചുമതലക്കാരനായിരുന്ന ഒരു അച്ചനുമായി ചേർന്ന് പുതിയ സഭ രൂപീകരിക്കാൻ നീക്കം നടക്കുന്നതായും പറഞ്ഞു കേൾക്കുന്നു.

ബൈബിൾ ദൈവവചനമല്ലായെന്നു പറയാൻ അദ്ദേഹത്തിനു സ്വാതന്ത്ര്യമുണ്ട്. എന്നാൽ ബൈബിളിന്റെ മൗലികതയിൽ വിശ്വസിക്കുന്ന പെന്തെക്കോസ്ത് സഭകളുടെ കൂട്ടായ്മകളിൽ ഈ അച്ചൻ

06

## ഫെയ്ത്ത് ലീഡേഴ്സ് ദൈവസഭ ജനറൽ കൺവൻഷൻ

**തിരുവല്ല:** ഫെയ്ത്ത് ലീഡേഴ്സ് ഇന്ത്യാ ദൈവസഭയുടെ 2-ാമത് ജനറൽ കൺവൻഷൻ 2011 ഡിസംബർ 18-25 വരെ കുന്നന്താനം പാമല കൺവൻഷൻ ഗ്രൗണ്ടിൽ നടക്കും. ലോകപ്രശസ്ത ഉണർവ്വ് പ്രസംഗകരായ റവ. റ്റി.ഡി ജെയ്ക്സ് (യു.എസ്.എ), റവ. റ്റിം ഹിൽ (ഫസ്റ്റ് അസിസ്റ്റന്റ് ജനറൽ ഓവർസിയർ, ചർച്ച് ഓഫ് ഗോഡ് - ക്ലിവ്‌ലൻഡ്), റവ. വില്യം ലീ (യു. എസ്.എ) എന്നി

06


റവ. റ്റി.ഡി ജെയ്ക്സ്


റവ. റ്റിം ഹിൽ


റവ. വില്യം ലീ

## ജനറൽ ക്യാമ്പ് സമാപിച്ചു



ജനറൽ ക്യാമ്പ് സഭാ പ്രസിഡന്റ് റവ. തോമസ് ഫിലിപ്പ് ഉദ്ഘാടനം ചെയ്യുന്നു.

**പായിപ്പാട്:** ന്യൂ ഇൻഡ്യാ ബൈബിൾ ചർച്ച് സണ്ടേസ്കൂളിന്റെയും ന്യൂ ലൈഫ് യൂത്ത് ഫെലോഷിപ്പിന്റെയും സംയുക്ത ക്യാമ്പ് റവ. തോമസ് ഫിലിപ്പ് ഉദ്ഘാടനം ചെയ്തു.

ഡോ. ജെസി ജെയ്സൺ, പാസ്റ്റേഴ്സ് റ്റി. വി. പോത്തൻ, ഷാജി തോമസ്, പ്രൊഫ. മാത്യു പി. തോമസ്, റവ. സി. വി. ജേക്കബ്, റവ.ഷാജി സി. ഡി., റവ. വി. സി. യോഹന്നാൻ, ബ്രദർ ബിജു മത്തായി, ബ്രദർ ജോൺ ജേക്കബ്, ബ്രദർ ജോബി ജോൺ, സിസ്റ്റർ ബെറ്റി ജോൺ ജേക്കബ് എന്നിവർ വിവിധ സെക്ഷനുകളിൽ ക്ലാസ്സ് എടുത്തു.

## പി.സി. ഐ -യു.എസ്.എ നാഷണൽ കമ്മറ്റി രൂപീകരിച്ചു

**ഒക്ലഹോമ:** പിസിനാക്കി നോടനുബന്ധിച്ച് നടന്ന സമ്മേളനത്തിൽ വച്ച് പെന്തക്കോസ്തൽ കൗൺസിൽ ഓഫ് ഇന്ത്യ അമേരിക്കൻ നാഷണൽ കമ്മറ്റിയ്ക്കു രൂപം നൽകി. പ്രസിഡന്റ് തോമസ് വടക്കേക്കുറ്റ് അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി കെ.എൻ .റസ്സൽ സംസാരിച്ചു.

പാസ്റ്റർ വീയ്യപുരം ജോർജ്ജ് കുട്ടി (ഡാളസ്)നാഷണൽ പ്രസിഡന്റും ഷാജി മണിയാറ്റ് (ഡാളസ്) നാഷണൽ സെക്രട്ടറിയുമാണ്.താഴെ പറയുന്നവരാണ് മറ്റു ഭാരവാഹികൾ ജോയി തുമ്പമൺ -ഹൂസ്റ്റൺ (വൈസ് പ്രസിഡന്റ്), മോൻസി -ന്യൂയോർക്ക് (ജോ. സെക്രട്ടറി), രാജൻ ആര്യപ്പള്ളിൽ-അറ്റ്ലാന്റ (ട്രഷറർ), ജസ്റ്റസ് ബേബി - ഒക്ലഹോമ ( ഐ.റ്റി. കോ ഓഡിനേറ്റർ) നിബു വള്ളവന്താനം (മീഡിയാ കോ - ഓഡിനേറ്റർ) സാം വടക്കേക്കുറ്റ്

05


പാസ്റ്റർ വീയ്യപുരം ജോർജ്ജ്കുട്ടി


ഷാജി മണിയാറ്റ്


രാജൻ ആര്യപ്പള്ളിൽ

## വി.എം. മാത്യു പുരസ്കാരം രചനകൾ ക്ഷണിക്കുന്നു



പെന്തക്കോസ്തൽ പ്രസ് അസ്സോസിയേഷൻ ഓഫ് ഇന്ത്യയുടെ സ്ഥാപക പ്രസിഡന്റും ഗുഡ്ന്യൂസ് വാരികയുടെ സ്ഥാപകരിൽ പ്രമുഖനും പെന്തക്കോസ്തു മാധ്യമ ലോകത്തെ കുലപതിയുമായിരുന്ന വി.എം. മാത്യുവിന്റെ പേരിൽ ക്രൈസ്തവചിന്ത മികച്ച പത്രപ്രവർത്തനത്തിനുള്ള അവാർഡ് ഏർപ്പെടുത്തുന്നു.

2010-ലെ രചനകൾക്കാണ് പുരസ്കാരം നൽകുന്നത്. ഇന്ത്യയിലും ഇന്ത്യയ്ക്ക് പുറത്തും പ്രസിദ്ധീകരിച്ച രചനകൾ അവാർഡിനായി പരിഗണിക്കും. 5000 രൂപായും ഫലകവുമാണ് അവാർഡ്. താഴെ പറയുന്ന വിഭാഗങ്ങളിൽപ്പെട്ട സാഹിത്യ സൃഷ്ടികളാണ് അവാർഡ് നിർണ്ണയത്തിനായി അയയ്ക്കേണ്ടത്.

**ദൈവശാസ്ത്ര ലേഖനങ്ങൾ** - മലയാളം, ഇംഗ്ലീഷ്
**രാഷ്ട്രീയ സാമൂഹ്യ ലേഖനങ്ങൾ** - മലയാളം
**ന്യൂസ് സ്റ്റോറി** - മലയാളം, **കഥ** - മലയാളം

06

## ഓസ്ട്രേലിയൻ ഇന്ത്യൻ പെന്തെക്കോസ്തൽ കോൺഫറൻസ് ഒരുക്കങ്ങൾ തുടങ്ങി

**ബ്രിസ്ബെയ്ൻ:** ഓസ്ട്രേലിയയിലുള്ള ഇന്ത്യൻ പെന്തെക്കോസ്തൽ സഭകളുടെ രണ്ടാമത് ഫാമിലി കോൺഫറൻസ് 2012 ഏപ്രിൽ 13,14,15 തീയതികളിൽ ബ്രിസ്ബെയിനിയിൽ ചേർന്ന നാഷണൽ കമ്മിറ്റിയോഗത്തിൽ പാസ്റ്റർ തോമസ് ജോർജ്ജ് (മെൽബൺ) അദ്ധ്യക്ഷത വഹിച്ചു.

ബ്രിസ്ബെയ്ൻ കോൺഫറൻസിനുവേണ്ടി പാസ്റ്റർ തോമസ് ജോർജ്ജിനെ നാഷണൽ പ്രസിഡന്റായും, പാസ്റ്റർ മാത്യു തര്യൻ (ബ്രിസ്ബെയ്ൻ), പാസ്റ്റർ വർഗ്ഗീസ് ഉണ്ണൂണ്ണി (ആലീസ് സ്പ്രിംഗ്സ്) എന്നിവരെ നാഷണൽ വൈസ് പ്രസിഡന്റ്മാരും, പാസ്റ്റർ പ്രകാശ് ജേക്കബിനെ (ബ്രിസ്ബെയ്ൻ) നാഷണൽ സെക്രട്ടറിയായും, പാസ്റ്റർ ഷാജി മാത്യുവിനെ (സിഡ്നി), നാഷണൽ ജോയിന്റ് സെക്രട്ടറിയായും, ഇവാ. ഷിബു വർഗ്ഗീസിനെ (മെൽബൺ) നാഷണൽ ട്രഷററായും, പാസ്റ്റർ ഏലിയാസ് ജോൺ (വാഗ വാഗ), പാസ്റ്റർ ആൽവിൻ ജോസഫ് (ഗോൾഡ് കോസ്റ്റ്) എന്നിവരെ നാഷണൽ ഇൻഫർമേഷൻ ആന്റ് പബ്ലിസിറ്റി കോ - ഓർഡിനേറ്റർമാരായും പാസ്റ്റർ ജോൺ തോമസിനെ (ബ്രിസ്ബെയിൻ) നാഷണൽ പ്രെയർ

05

### സാക്ഷി



"ഷാർജയിലെ 165-ാമത് സഭ ഉടലെടുത്തു"
*വളർന്നു പിളരട്ടെ പിളർന്ന് വളരട്ടെ"*




# മുഖമൂടികൾ അഴിയട്ടെ



**സാംകുട്ടി മാത്യു**
**ചീഫ് എഡിറ്റർ**

വർഷങ്ങൾക്കു മുമ്പ് ആന്ധ്രപ്രദേശിൽ കോൺഗ്രസ് മുഖ്യമന്ത്രിയായി വൈ. എസ്. രാജശേഖര റെഡ്ഢി അധികാരം ഏറ്റെടുത്തപ്പോൾ ഇവിടുത്ത ക്രൈസ്തവ മാധ്യങ്ങളെല്ലാം ഒരു ക്രിസ്ത്യാനി മുഖ്യമന്ത്രിയായതിൽ സന്തോഷിച്ച് ധാരാളം എഴുതി. റെഡ്ഢിയുടെ പ്രാർത്ഥനയിൽ രക്ഷയുമൊക്കെ ആഘോഷിച്ച പെന്തെക്കോസ്തു മാധ്യമങ്ങളും ഉണ്ടായിരുന്നു. എന്നാൽ തന്റെ മരണ ശേഷം മകൻ ജഗ് മോഹൻ റെഡ്ഢിയുടെ അഴിമതികഥകൾ ഓരോന്നായി പുറത്തുവരുമ്പോൾ ലജ്ജിക്കേണ്ടത് ക്രൈസ്തവ മാധ്യങ്ങൾ തന്നെയാണ്. ഇല്ലാത്ത പരിവേഷവും എല്ലാത്തിനെയും ആത്മീയതയുമായി കൂട്ടി യോജിപ്പിക്കുന്നതുമായ പത്രക്കാർ തങ്ങൾ പൊക്കിയെഴുതിയ ആളുകളുടെ മുഖം മൂടി അഴിയുമ്പോൾ ലജ്ജിച്ച് തലതാഴ്ത്തേണ്ടി വരും. അധികാര കസേരയിലിരുന്ന് മകന് അഴിമതി നടത്തുവാൻ അവസരം ഒരുക്കിയ രാജശേഖര റെഡ്ഢി നാല്പത് കോടിയിൽ നിന്നും നാല്പത്തിമൂവായിരം കോടിയിലേക്ക് തന്റെ മകന്റെ ഖജനാവ് നിറയ്ക്കുവാനുള്ള അവസരമാണ് ഒരുക്കിക്കൊടുത്തത്.

അഴിമതിയിൽ മുങ്ങിയിരുന്ന ബെല്ലാരി സഹോദരന്മാർ അഴിയ്ക്കുള്ളിൽ ആയപ്പോൾ കേട്ട കഥകൾ ആരെയും ഞെട്ടിക്കുന്നതാണ്. അണ്ണാ ഹസാരെയുടെ നേതൃത്വത്തിൽ അഴിമതിയ്ക്കെതിരെ നടന്ന ജനകീയ സമരം വിജയം കണ്ടെത്തണമെങ്കിൽ ഇത്തരം അഴിമതി വീരന്മാർ ജയിലറയ്ക്കുള്ളിൽ അടയ്ക്കപ്പെട്ടേ പറ്റൂ.

ആത്മീയ രംഗവും ഒട്ടും വിഭിന്നമല്ല. അധികാര സ്ഥാനങ്ങളിൽ ഇരുന്നും താങ്കളുടെ ശുശ്രൂഷയുടെ മറവിലും കോടികൾ തട്ടിയെടുത്ത് വൻ സാമ്രാജ്യം പണിതുയർത്തുന്ന ആത്മീയ നേതാക്കന്മാരെയും ജയിലടയ്ക്കേണ്ട കാലം കഴിഞ്ഞു. കുടുംബ ട്രസ്റ്റുകളുണ്ടാക്കി സഭയുടെ പണം സ്വന്തമാക്കുന്ന അഭിനവ യൂദാസുമാർ പിടിക്കപ്പെടേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. നമുക്കു വേണം ഒരു ജനകീയ മുന്നേറ്റം. ആത്മീയ പരിവേഷം ഉണ്ടാക്കിയും ആത്മീയരെന്നു നടിച്ചും ഈക്കൂട്ടർ നടത്തുന്നത് ജന വഞ്ചനയാണ്. സാധാരണ ശുശ്രൂഷകരുടെയും വിശ്വാസികളുടെയും പേരിലും ജീവകാരുണ്യത്തിന്റെ മറവിലും ഇവർ വരുത്തുന്ന കോടികൾ എവിടെയാണ് മറയുന്നതെന്ന് ആർക്കും അറിഞ്ഞുകൂടാ. അധികാര സ്ഥാനത്ത് ഇരിക്കുന്നവരും പ്രവാചകന്മാരും രോഗശാന്തിക്കാരും ഉപദേശം ഘോരഘോരം പ്രസംഗിക്കുന്ന ജനകീയ പ്രസംഗകരും ഇന്നു കോടിപതികളായി മാറിക്കഴിഞ്ഞു. ഇത് നോഹയുടെ കാലം എന്നല്ലാതെ എന്തുപറയാൻ. നോഹയുടെ കാലം പോലെയും ലോത്തിന്റെ കാലം പോലെയും ഒക്കെ സംഭവിക്കുമെന്നും കർത്താവ് പറഞ്ഞത് ഒട്ടും മാറ്റമില്ലാതെ ഇവിടെ അരങ്ങേറുകയാണ്. കായംകുളം കൊച്ചുണ്ണിമാർ ഇവിടെ രംഗം പിടിച്ചടക്കിയിരിക്കുന്നു. ഇവിടുത്തെ ഭരണ വ്യവസ്ഥകൾ മാറേണ്ട കാലവും അതിക്രമിച്ചിരിക്കുന്നു. ഉപദേശ സംരക്ഷണത്തിന്റെ പേരിലും ജനപ്രിയ പ്രസംഗത്തിന്റെ പേരിലും മറ്റു ശുശ്രൂഷയുടെ പേരിലും അധികാര കസേരയുടെ പേരിലും ഇവർ നടത്തുന്ന പണസമ്പാദനം ജനം തിരിച്ചറിയണം. ഈക്കൂട്ടരുടെ മുഖംമൂടി അഴിയുന്ന നാൾ വിദൂരമല്ല.

## കാലികം

# അണ്ണാഹസാരയും
# പെന്തെക്കോസ്തിലെ ചില അണ്ണൻമാരും



**സജി നെടുങ്കണ്ടം**
**9526598380**

അടിയന്താരവസ്ഥയ്ക്കു ശേഷം ഇൻഡ്യൻ ജനത കണ്ട ഈടുറ്റ സമരത്തിന്റെ ചൂടേറിയ സമരമുഖമായിരുന്നു രാംലീലാ മൈതാനം സാക്ഷ്യം വഹിച്ചത്. അണ്ണാഹസാരെ എന്ന ആധുനിക ഗാന്ധിയൻ അഴിമതിക്കും അനീതിയ്ക്കുമെതിരായി അഴിച്ചുവിട്ട നിരാഹാര സമരം കക്ഷി രാഷ്ട്രീയത്തിന് അധീതമായി ഇൻഡ്യൻ ജനത ഇരു കരവും ഉയർത്തിക്കൊണ്ട് പിൻതുണ പ്രഖ്യാപിച്ചു. ലോക്പ്പാൽ ബില്ലിന്റെ പരിധിയിൽ പ്രധാന മന്ത്രിയെയും ഉൾപ്പെടുത്തണം എന്ന ഹസാരയുടെ നിർദ്ദേശവും തുടർന്ന് പ്രഖ്യാപിച്ച നിരാഹാരവും ഇൻഡ്യൻ രാഷ്ട്രീയത്തിൽ ഒരു നാഴികക്കല്ലായി മാറി. അഴിമതിക്കെതിരായി ഹസാരെ ഉയർത്തിയ മുദ്രാവാക്യത്തെ അറസ്റ്റിലൂടെ ഒതുക്കി തീഹാർ ജയിലിന്റെ ചുറ്റുമതിലിന് ഉള്ളിലെ ഇടുങ്ങിയ മുറിയിൽ തളയ്ക്കാം എന്ന് ഗവൺമെന്റ് കരുതിയെങ്കിലും നിലപാടിൽ മാറ്റമില്ലാത്ത ഹസാരെ അവിടെയും നിരാഹാരം തുടർന്നു. ഇൻഡ്യൻ പാർലമെന്റിന്റെയും ഭരണ സംവിധാനത്തെയും ഒറ്റയാൾ പട്ടാളമായി മുൾമുനയിൽ നിർത്തിയ ശൈലി പ്രോത്സാഹിപ്പിക്കപ്പെടേണ്ടതല്ല എന്ന് ഭരണ പക്ഷ അനുകൂല രാഷ്ട്രീയ നിരീക്ഷകർ വിലയിരുത്തി. ഏതു രാഷ്ട്രീയ പാർട്ടിയെ നോക്കിയാലും അഴിമതിയുടെ കാര്യത്തിൽ എല്ലാവരും ഉൾപ്പെടുന്നു. പക്ഷെ ഏറ്റക്കുറച്ചിലുകൾ കണ്ടേക്കാം. എന്നാൽ വേലി തന്നെ വിളവു തിന്നുന്ന ഈ അധികാര നിലപാടിന് കാതലായ മാറ്റം സംഭവിച്ചില്ലായെങ്കിൽ അഴിമതി വീരന്മാർ ആട്ടിൻ തോൽ ധരിച്ച് അധികാര കസേരകളിൽ കയറുകയും കണ്ടതെല്ലാം കട്ടു മുടിക്കുകയും ചെയ്യും. മാധ്യമങ്ങൾ ഇത്രയേറെ ചർച്ച ചെയ്ത മറ്റൊരു വിഷയം ഈ അടുത്തകാലത്ത് ഉണ്ടായിട്ടില്ലായെന്നതാണ് വാസ്തവം. ഹസാരെയുടെ പ്രതിഷേധം ലക്ഷ്യം കണ്ടപ്പോൾ ഭരണ അനുകൂലികൾ ഹസാരെ വഴങ്ങിയെന്നും ഭരണ വിരോധികൾ പ്രധാന മന്ത്രി കീഴടങ്ങിയെന്നും തലക്കെട്ടു നൽകി. ആര് ജയിച്ചാലും ആര് തോറ്റാലും അഴിമതി രഹിതമായ ഒരു ഭരണം ഇൻഡ്യൻ രാഷ്ട്രീയത്തിൽ ഉണ്ടാകണമെന്ന് സാധാരണ ജനവും ഇൻഡ്യയുടെ ഭാവിയെക്കുറിച്ച് ആശങ്കയുള്ളവരും കക്ഷിരാഷ്ട്രീയത്തിന് അപ്പുറമായി ഉറച്ച മനസ്സോടെ ആഗ്രഹിക്കുന്നു. അതിനുവേണ്ടി രാഷ്ട്രീയത്തിന് അധിതമായി ആര് രംഗത്ത് വരുന്നോ അവരെ പിൻതുണയ്ക്കുന്ന ഒരു മധ്യവർഗ്ഗം ഇൻഡ്യാ മഹാരാജ്യത്തിൽ എവിടെയും ഉണ്ട് എന്നതാണ് സത്യം.

ദൈവവചനത്തിന് അധികം പ്രാധാന്യം കൽപ്പിക്കുന്ന ഒരു കൂട്ടർ പെന്തെക്കോസ്തുകാർ മാത്രമാണ്. പെന്തെക്കോസ്തു സഭകളുടെ ഭരണ സമ്പ്രദായങ്ങളും അധികാര വർഗ്ഗത്തെയും തിരഞ്ഞെടുത്തിരുന്ന രീതി തികച്ചും വചന പ്രകാരം പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിലുമായിരുന്നു. അങ്ങനെ അധികാരത്തിൽ വന്ന ലീഡർമാരെ സീനിയർ ജൂനിയർ വ്യത്യാസമില്ലാതെ ദൈവം തിരഞ്ഞെടുത്തവരാണ് നമ്മെ നയിക്കുന്നത് എന്ന് അറിവും ബോധവും അംഗീകാരവും എല്ലാവരിലും ഉണ്ടായിരുന്നു. കാലങ്ങൾ മാറിയപ്പോൾ നേതാവിനെ തിരഞ്ഞെടുക്കുന്നത് വോട്ടിംഗിലൂടെയായി. ദൈവാത്മാവിന് ഒരു റോളും ഇല്ലാത്ത തിരഞ്ഞെടുപ്പു രീതി സഭകളിൽ കടന്നു കൂടി. ആകയാൽ സഭയെ ഭരിക്കേണ്ടവർ പുലർത്തേണ്ട നല്ല സാക്ഷ്യവും വചന വ്യവസ്ഥയും കാറ്റിൽ കരിയില പോലെ പറന്നു. അധികാര കസേര സ്വന്തമാക്കുവാൻ അടവുകൾ പയറ്റുന്ന അധ:പതിച്ച രാഷ്ട്രീയ രീതി ദൈവസഭയിൽ കടന്നുകൂടി. അധികാരത്തിൽ എത്തുവാൻ കൈകൂലിയും വോട്ടുപിടുത്തവും കള്ളയോട്ടും അല്പസ്വല്പം ഗുണ്ടായിസവും കൂടി ജാതികളിൽ നിന്നും കടം എടുത്തുകൊണ്ട് പെന്തെക്കോസ്തു സഭകളുടെ സുന്ദരമുഖത്തെ മലീമസമാക്കി. ഇന്ന് പണം ഉള്ളവർക്ക് കസേര ഉറപ്പിക്കാം എന്ന രീതിയിലേക്ക് ആത്മീയ നേതൃത്വം അധ:പതിച്ചു. ഈ അടുത്തകാലത്ത് ഉയർന്നുവരുന്ന പല അഴിമതി കഥകളുടെയും പിൻപിൽ പണം കൊണ്ടു നേടിയ അധികാരത്തിന്റെ സവിശേഷതയാണ് വെളിപ്പെട്ടുവന്നത്. പെന്തെക്കോസ്തുകാരുടെ ഇടയിലും ചില ഹസാരെമാരും രാംലീലാ മൈതാനവും രൂപഭാവം മാറി അത്മീയ ചുവയോടെ വരുവാൻ സാധ്യതയുണ്ട് എന്ന് നാം മറക്കരുത്. ഒരു പറ്റം ആളുകളെങ്കിലും ദൈവസഭയിലെ ഇത്തരം അഴിമതി അവസാനിക്കാൻ രഹസ്യമായി ഉപവസിക്കുകയും കരയുകയും ചെയ്യുന്നുണ്ട്. പണ സമ്പാദനത്തിനും പദവിക്കുവേണ്ടിയും അധികാര കസേരയുടെ കാലിൽ അള്ളിപ്പിടിച്ചു കിടക്കുന്നവരെ ദൈവജനം തിരിച്ചിറിയണം. അണ്ണാഹസാരെയും രാംലീലാ മൈതാനവും, നിരാഹാരവും നമ്മുടെ ഇടയിലും ഉയർന്നു വരുന്നതിൽ തെറ്റില്ല; പക്ഷെ സ്വന്തം പ്രാർത്ഥനാ മുറിയിൽ മാത്രമേ ഈ വിധ പ്രതിക്ഷേധം ഉയർന്നുവരാവൂയെന്ന് ഓർമ്മിപ്പിക്കട്ടെ. ആത്മീയർക്ക് യോജിച്ച രീതിയിലുള്ള പ്രതികരണം പെന്തെക്കോസ്തുകാർക്ക് ആകാം എന്നതും മറച്ചു വയ്ക്കുന്നില്ല.

## ഓണവാര ക്യാമ്പ്

**കുറവിലങ്ങാട്:** കുറവിലങ്ങാട് ഏരിയ പി. വൈ. പി. എയുടെ ഓണവാരക്യാമ്പ് സെപ്റ്റംബർ 6,7,8 തീയതികളിൽ വളയംകോട് നടന്നു. ഇവാ. കെ. റ്റി. ബാബു ഉദ്ഘാടനം ചെയ്തു. മാധ്യമങ്ങളുടെ സ്വാധീനം യുവജനങ്ങളിൽ എന്ന വിഷയം ആസ്പദമാക്കി പ്രബന്ധം അവതരിപ്പിച്ചു. പാസ്റ്റർ സുരേഷ് കീഴൂർ, പാസ്റ്റർ വി. പി. ഫിലിപ്പ്, പാസ്റ്റർ ജോബി ജോസഫ്, പാസ്റ്റർ സുനിൽ വേട്ടമല എന്നിവർ വിവിധ യോഗങ്ങളിൽ പ്രസംഗിച്ചു. ബ്രദർ നിധീഷ് ജോൺ, ഇവാ. കെ. കെ. മനോജ് തുടങ്ങിയവർ നേതൃത്വം നൽകി.

## സുവിശേഷയോഗം

ഐ. പി. സി. കുറവിലങ്ങാട് ഏരിയയുടെ നേതൃത്വത്തിൽ വെമ്പള്ളി ബെഥേസ്ഥാ ഐ. പി. സി. പ്രെയർ സെന്ററിൽ ഓഗസ്റ്റ് 30,31 സെപ്റ്റംബർ 1 തീയതികളിൽ ഉണർവ്വ് യോഗങ്ങൾ നടന്നു. പാസ്റ്റർ സാമുവേൽ പി. ചാക്കോ, പാസ്റ്റർ നോബിൾ ജേക്കബ് സാമുവേൽ തുടങ്ങിയവർ ശുശ്രൂഷിച്ചു. പാസ്റ്റർ പി. പി. ചാക്കോയും ഇവാ. എം. ജെ.ബാബുവും നേതൃത്വം നൽകി.

## ഭാരവാഹികൾ

**റാന്നി:** ഐ. പി. സി. റാന്നി ഈസ്റ്റ് സെന്റർ ഭാരവാഹികളെ തിരഞ്ഞെടുത്തു

പ്രസിഡന്റ് പാ. ടി. സി. ഈശോ, അസി. സെന്റർ പാസ്റ്റർ പാ. വി. യു. ശാമുവേൽ, വൈസ് പ്രസിഡന്റ് പാ. പി. കെ. തോമസ്, സെക്രട്ടറി പാ. പി. വി. വർഗ്ഗീസ്, ജോ. സെക്രട്ടറി – ബ്രദർ എൽ. ഒ. ജോർജ്ജുകുട്ടി, ട്രഷറാർ ബ്രദർ സി. വി. വർഗ്ഗീസ്, പബ്ലിസിറ്റി കൺവീനർ ഇവാ. ബെൻസൻ തോമസ് എന്നിവരെ തിരഞ്ഞെടുത്തു.

ബിലീവേഴ്സ് ജേണൽ

പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്

ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ

വൈസ് ചെയർമാൻ
ജെയ്സൺ ജോസഫ്

മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്

ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു

ജനറൽ എഡിറ്റർ
അനിൽ കൊടിത്തോട്ടം

ബോർഡ് മെംമ്പേഴ്സ്
മോനി കൊടുന്തറ
പാസ്റ്റർ സണ്ണി വാകത്താനം

പബ്ലീഷർ
പീറ്റർ മാത്യു വല്ല്യത്ത്

ചീഫ് കറസ്പോണ്ടന്റ്
പാസ്റ്റർ തോമസ് തോന്നയ്ക്കൽ

കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു

ബിലീവേഴ്സ് ജേണൽ
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 100 രൂപ
യു.എസ്.എ. & കാനഡ: $ 30
യു.കെ: £ 15
ഗൾഫ് രാജ്യങ്ങൾ: 1000 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
ബിലീവേഴ്സ് ജേണൽ
Address (India)
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105

Address (Usa)
P.O. Box:620 742
Atlanta
GA 30362, USA

Mob: 9447368795 (INDIA)

E- mail
beljourn@gmail.com
bjpathramonline@gmail.com

Website
www.beljourn.com
www.beljourn. Org

**അറിയിപ്പ്**

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ

യുവജന പംക്തി



ബിനുജോസഫ് വടശ്ശേരിക്കര
09495834994

# ജീവിതവിജയത്തിലേക്ക്

ജീവിതത്തിൽ എല്ലാവരും വിജയിക്കാനാഗ്രഹിക്കുന്നു. കുട്ടികൾ പഠനത്തിലും മുതിർന്നവർ ജീവിതത്തിലും ജോലിക്കാർ ജോലിയിലും വിജയിക്കുവാനാഗ്രഹിക്കുന്നു വിജയം യാദൃച്ഛികമായി നേടിയെടുക്കാവുന്ന ഒന്നല്ല, കഠിനാദ്ധ്വാനവും ആത്മനിയന്ത്രണവും നിശ്ചയദാർഢ്യവും ഇതിനാവശ്യമാണ് " എത്രമേൽ കഠിനമായി നിങ്ങൾ അദ്ധ്വാനിക്കുന്നുവോ അത്രമേൽ ഭാഗ്യവും നിങ്ങൾക്കു കൂടുന്നു" എന്ന് ഹെന്റി ഫോർഡ് പറഞ്ഞിട്ടുണ്ട്.

ദർശനം, ധനം, ധാർമ്മിക ബോധം ഇവയാണ് വിജയത്തിലേക്കുള്ള വഴിയിലെ സുഹൃത്തുകൾ എന്ന് ഡോ. വാൾട്ടർ ഡോയൽ അഭിപ്രായപ്പെട്ടിട്ടുണ്ട്. വിജയത്തിനായി 5 ഇകൾ ആവശ്യമാണെന്ന് ടോംസ് ബർക്ക് തന്റെ വിജയത്തിന്റെ വിസ്മയ സൂത്രങ്ങളിൽ പ്രതിപാദിക്കുന്നു.

1. സ്വഭാവ ദാർഢ്യം (Character)
2. അർപ്പണബോധം (Commitment)
3. ദൃഢനിശ്ചയം (Conviction)
4. മര്യാദ (Courtesy)
5. ധൈര്യം (Courage)

ഇവയെ ജീവിതവിജയത്തിന്റെ അടിസ്ഥാന ശിലകളായി പറയപ്പെടുന്നു. ജീവിതവിജയത്തിന് മുകളിൽ പറയപ്പെട്ട എല്ലാം ആവശ്യമാണെങ്കിലും യഥാർത്ഥ വിജയം നേടണമെങ്കിൽ ഇവമാത്രം മതിയാകുകയില്ല.

യേശു തന്റെ ശിഷ്യന്മാരോട് ചോദിക്കുന്നു; "ഒരു മനുഷ്യൻ സർവ്വലോകവും നേടിയാലും തന്റെ ജീവനെ നഷ്ടപ്പെടുത്തിയാൽ അവന് എന്ത് പ്രയോജനം?" (മത്തായി 16:26)

ജീവിതത്തിൽ ആഗ്രഹിച്ചതെന്തും നേടിയെടുക്കുന്നതല്ല വിജയം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്; യേശു തന്റെ ശിഷ്യന്മാരോട് ചോദിക്കുന്നത് ഒരു മനുഷ്യൻ എല്ലാറ്റിലും വിജയിച്ച് ലോകം മുഴുവൻ നേടുവാൻ വേണ്ട ധനമുള്ളവനായി തീർന്നാലും സ്വന്തം ജീവനെ (ആത്മാവിനെ) നഷ്ടമാക്കിയാൽ തന്റെ നേട്ടങ്ങൾക്ക് എന്ത് വിലയാണുള്ളത്. എല്ലാം നേടുവാൻ കഴിഞ്ഞിട്ടും നേടേണ്ടത് നേടിയില്ലെങ്കിൽ അത് പരാജയമാണ്. യഥാർത്ഥവിജയം എന്നത് ജീവിതത്തിൽ സമാധാനത്തോടെ യേശുവിനൊപ്പം ഒരു ജീവിതം നയിക്കുകയാണ്.

*അലക്സാണ്ടർ ചക്രവർത്തി രാജ്യങ്ങൾ എല്ലാം വെട്ടിപ്പിടിച്ച് സ്വന്തം ആധിപത്യം ഉറപ്പിച്ച് 33-ാം വയസിൽ ഇൻഡ്യൻ മഹാസമുദ്രത്തെ നോക്കി ആക്രോശിച്ചു, ഹേ! സമുദ്രമേ, നീയൊരു കരയായിരുന്നെങ്കിൽ നിന്നെ ഞാൻ പിടിച്ചടക്കുമായിരുന്നു. എന്നാൽ തന്നെ ബാധിച്ച രോഗത്തിന് കീഴ്പ്പെടേണ്ടിവന്നപ്പോൾ താൻ നേടിയെടുത്തതെല്ലാം മിഥ്യയാണെന്ന് ബോധ്യമായി. ചരിത്രം പറയുന്നത് വലിയ വിജയങ്ങൾ നേടിയിട്ടും ശവപ്പെട്ടിയിൽ രണ്ട് ദ്വാരങ്ങൾ ഇട്ട് കൈകൾ രണ്ടും വെളിയിൽ ഇട്ടാണ് അലക്സാണ്ടർ യാത്രയായത്.*

*"യേശുവിനൊപ്പം നിങ്ങൾ ഒരു വിജയാളിയാണ്. യേശുവില്ലാതെ ഒരു വട്ടപൂജ്യവും." എന്നത് മറക്കരുത്.*

ദൈവം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത് സമൂഹത്തിന് നന്മ ചെയ്യുവാനും അദ്ധ്വാനിച്ച് ജീവിക്കുവാനുമാണ്. സമൂഹത്തിനോ വ്യക്തികൾക്കോ പ്രയോജനം ചെയ്യാത്ത നേട്ടങ്ങൾ വിജയങ്ങളുടെ പട്ടികയിൽ ഉൾപ്പെടില്ല.

വിജയത്തിനാധാരം

വിജയിക്കുവാൻ അനേകം കാര്യങ്ങൾ അറിയേണം. പരാജയപ്പെടുവാൻ അജ്ഞത മാത്രം മതിയാകും. മറ്റൊരർത്ഥത്തിൽ വിജയിക്കുവാൻ എന്ത് ചെയ്യണം എന്നറിയാതിരിക്കുന്നതാണ് ഏറ്റവും വലിയ പരാജയം. ജീവിതത്തിൽ ലക്ഷ്യങ്ങൾ നേടിയെടുത്തവർ എല്ലാം തന്നെ വിജയത്തിനായി അക്ഷീണപരിശ്രമം നടത്തിയവരാണ്. ജീവിതവിജയത്തിന് താഴെപറയുന്ന കാര്യങ്ങൾ അറിഞ്ഞിരിക്കേണം.

വിജയത്തിന്

1. ലക്ഷ്യം
2. അടങ്ങാത്ത ആഗ്രഹം
3. തീവ്രമായ ശ്രമം
4. ദൈവാശ്രയം
5. പ്രതിബന്ധങ്ങളെ നേരിടുവാനുള്ള മനസ്സ്
6. കഴിവുകളെ ഉപയോഗിക്കുക
7. പരാജയഭീതി ഒഴിവാക്കുക
8. അർപ്പണബോധവും ആത്മാർത്ഥതയും
9. അവസരങ്ങൾ വിനിയോഗിക്കുക
10. അനുഭവം പാഠമാക്കുക
11. അച്ചടക്കത്തോടുള്ള ജീവിതം

06

ചോദ്യോത്തര വേദി



ജോർജ്ജ് ഫിലിപ്പ് തെക്കേക്കര

# രക്തദാനവും ക്രിസ്ത്യാനികളും

**'യഹോവ സാക്ഷികൾ'** എന്ന സംഘടനയിലെ ആൾക്കാർ രക്തം സ്വീകരിക്കുകയോ, രക്തം ദാനം ചെയ്യുകയോ ഇല്ല. അതവരുടെ വിശ്വാസപ്രമാണങ്ങളിലൊന്നാണ്. ക്രിസ്ത്യാനികളും രക്തം ദാനം ചെയ്യുന്നതിൽ വിമുഖരാണ്. രക്തദാനത്തെപ്പറ്റി **ബൈബിൾ വീക്ഷണം** അറിയിക്കുക. രക്തദാനത്തെ സംബന്ധിച്ച് എല്ലാ വിവരങ്ങളും അറിയിക്കുക.

**ഐസക് മോസസ്, ദോഹ, ഖത്തർ**

ഒരു മനുഷ്യന്റെ **ജീവൻ** രക്തത്തിലാണ് കിടക്കുന്നതെന്ന് 3500 വർഷങ്ങൾക്ക് മുമ്പ് മോശെ എഴുതി (ലേവ്യ. 17:11). 200 വർഷങ്ങൾക്ക് മുൻപ് മെഡിക്കൽ ശാസ്ത്രജ്ഞർ **ജീവൻ** രക്തത്തിലാണ് കിടക്കുന്നതെന്ന് ശാസ്ത്രീയമായി കണ്ടെത്തി. 'തന്റെ **ജീവനെ** മറ്റൊരാൾക്ക് കൊടുക്കുന്നതിലും വലിയ സ്നേഹമില്ല' എന്നാണ് കർത്താവിന്റെ വചനം (യോഹന്നാൻ 15:13;1 യോഹന്നാൻ 3:16). അതുകൊണ്ട് **പ്രാണൻ** കിടക്കുന്ന രക്തം മറ്റൊരാൾക്ക് കൊടുക്കുന്നത് ദൈവത്തിന് പ്രസാദകരവും മനുഷ്യർക്ക് ആശ്വാസകരവും ആകുന്നു. മാത്രമല്ല, രക്തം ദാനം ചെയ്യുന്നവരിൽ ഹൃദ്രോഗം കുറഞ്ഞുകാണുന്നതായും ആരോഗ്യം വർദ്ധിക്കുന്നതായും മെഡിക്കൽ പഠനങ്ങൾ വ്യക്തമാക്കുന്നു. തെറ്റിദ്ധാരണ കൊണ്ടാണ് മനുഷ്യർ രക്തദാനത്തിന് വിമുഖത കാട്ടുന്നത്. ലോകത്തിൽ ക്രിസ്തീയ സാക്ഷ്യം വർദ്ധിക്കാൻ എല്ലാ പ്രാദേശിക സഭകളും രക്തദാനം ചെയ്യുന്ന അംഗങ്ങളുടെ ഒരു സംഘടന രൂപീകരിക്കണമെന്നാണ് എന്റെ അഭിപ്രായം.

**രക്തദാനത്തിന്റെ ധാർമ്മിക വശം**

മറ്റു മനുഷ്യർക്ക് തന്റെ ജീവിതംകൊണ്ട് ഗുണമുണ്ടായി എന്ന ആത്മസംതൃപ്തി കിട്ടുന്നു. വിവേചനം കൂടാതെ മറ്റുള്ളവരെ സഹായിക്കാനുള്ള മനസ് ഉണ്ടാകുന്നു.

**ആർക്കൊക്കെ രക്തം ദാനം ചെയ്യാം?**

45 കിലോഗ്രാമിൽ അധികം ഭാരമുള്ളവരായിരിക്കണം. 18 വയസ്സ് കഴിയണം, 60 വയസിൽ താഴെയായിരിക്കണം. ആരോഗ്യമുണ്ടായിരിക്കണം. 12.5 ഗ്രാം ഹീമോഗ്ലോബിൻ രക്തത്തിലുണ്ടായിരിക്കണം. രോഗങ്ങൾ പാടില്ല. തലേദിവസം ഉറക്കം കിട്ടിയിരിക്കണം. രാവിലെ പ്രഭാത ഭക്ഷണം കഴിച്ചിരിക്കണം.

**ആരൊക്കെ രക്തദാനം നടത്താൻ പാടില്ല?**

സ്ഥിരമായി മദ്യപിക്കുന്നവർ, മയക്ക്മരുന്ന് ഉപയോഗിക്കുന്നവർ, മഞ്ഞപ്പിത്തം, മലമ്പനി മുതലായ രോഗമുള്ളവർ, ആന്റി ബയോട്ടിക്കുകൾ കഴിക്കുന്നവർ, പ്രമേഹം, ഉയർന്ന രക്തസമ്മർദ്ദം മാനസികരോഗികൾ ഇവർ രക്തദാനം ചെയ്യാൻ പാടില്ല. സ്ത്രീകൾ ഗർഭകാലത്തും, പിഞ്ചുകുഞ്ഞുങ്ങളെ വളർത്തുന്ന കാലത്തും രക്തദാനം ചെയ്യരുത്.

**ദാനം ചെയ്യുന്ന രക്തം പിന്നീട് ഉണ്ടാകുമോ?**

ആരോഗ്യവാനായ ഒരു പുരുഷന്റെ ഹീമോഗ്ലോബിൻ, ശരാശരി 14-15 ഗ്രാം ശതമാനം ആണ്. ഒരു സ്ത്രീക്ക് 12-13 ഗ്രാം ശതമാനം ആയിരിക്കും. ഒരു പ്രാവശ്യം രക്തദാനം ചെയ്യുമ്പോൾ ഇതിൽ ഒരു ഗ്രാം മാത്രമാണ് കുറയുന്നത്. രണ്ടുമാസം കൊണ്ട് ഈ കുറവ് പരിഹരിക്കപ്പെടുകയും, ഗുണനിലവാരമുള്ള രക്തം മജ്ജ ഉൽപാദിപ്പിക്കുകയും ചെയ്യുന്നു.

**രക്തദാനത്തെ സംബന്ധിച്ച് നിലവിലിരിക്കുന്ന തെറ്റായ ധാരണകൾ**

മൂന്നു തെറ്റായ ധാരണകളാണ് നിലവിലുള്ളത്

1. രക്തദാനം ചെയ്താൽ ശരീരം ക്ഷീണിക്കും
2. സ്ത്രീകളിൽ നിന്ന് രക്തം എടുക്കരുത്
3. ജോലി ചെയ്ത് ജീവിക്കുന്നവരിൽ നിന്ന് രക്തം എടുക്കരുത്.

**ലോകജനതയുടെ രക്തഗ്രൂപ്പുകൾ (ശതമാനക്കണക്കിൽ)**

| | | |
|---|---|---|
| ഒ പോസിറ്റീവ് & ഒ നെഗറ്റീവ് | - | 42% |
| എ പോസിറ്റീവ് & എ നെഗറ്റീവ് | - | 25% |
| ബി പോസിറ്റീവ് & ബി നെഗറ്റീവ് | - | 27% |
| എ ബി പോസിറ്റീവ് & എ ബി നെഗറ്റീവ് | - | 6% |
| ബോംബെ ഒ ഗ്രൂപ്പ് | - | ഇന്ത്യയിൽ 1000, കേരളത്തിൽ 50 |

2010 ഒക്ടോബർ 3 മലയാള മനോരമ ദിനപത്രത്തിലെ റിപ്പോർട്ട് പ്രകാരം

**എത്ര പ്രാവശ്യം രക്തദാനം?**

പുരുഷന്മാർക്ക് മൂന്നു മാസത്തിൽ ഒരിക്കലും സ്ത്രീകൾക്ക് നാലു മാസത്തിൽ ഒരിക്കലും രക്തം ദാനം ചെയ്യാമെന്ന് ശരീരാരോഗ്യ വിദഗ്ധർ പറയുന്നു.

**എടുക്കുന്ന രക്തത്തിന്റെ അളവ്?**

ആരോഗ്യമുള്ള ഒരു മനുഷ്യശരീരത്തിൽ നാലുമുതൽ ആറു ലിറ്റർ വരെ രക്തമുണ്ടാകും. അതിൽ 350 മി.ലിറ്റർ വരെ ഒരു തവണ എടുക്കു. രക്തം ശേഖരിക്കുന്ന ബാഗിൽ രക്തം കട്ടിപിടിക്കാതെയും കേടാകാതെയും ഇരിക്കാനുള്ള ലായനി ഉൾപ്പെടെ 350 മി.ലിറ്റർ രക്തം മാത്രമേ ശേഖരിക്കുകയുള്ളൂ. രണ്ടാമതൊരു ബാഗുകൂടി ഒരാളിൽ നിന്ന് ഒരേ സമയത്ത് രക്തം എടുക്കുകയാണെങ്കിൽ അത് നിയമവിരുദ്ധമാണ്.

**രണ്ടു വിധത്തിലുള്ള രക്തദാനം**

1. സന്നദ്ധ രക്തദാനം
2. റീപ്ലേസ്മെന്റ് രക്തദാനം

1. **സന്നദ്ധരക്തദാനം:** ആരുടെയും നിർബ്ബന്ധത്തിന് വഴങ്ങാതെ ബ്ലഡ് ബാങ്കിൽ പോയി രക്തം നല്കുന്ന സംവിധാനമാണ് സന്നദ്ധരക്തദാനം. സന്നദ്ധരക്തദാനം ചെയ്യുന്നവർ കേരളത്തിൽ കുറവാണ്. സന്നദ്ധ രക്തദാനം ചെയ്യുന്നവർ ഏറ്റവും കൂടുതലുള്ള സംസ്ഥാനം പശ്ചിമ ബംഗാളാണ്.

2. **റീപ്ലേയ്സ്മെന്റ് ബ്ലഡ് ഡൊണേഷൻ:** നമ്മൾ ദാനം ചെയ്യുന്ന രക്തം ഏതു ഗ്രൂപ്പിൽപ്പെട്ടതാണെങ്കിലും, നമ്മൾക്ക് ആവശ്യമുള്ള ഗ്രൂപ്പിലുള്ള രക്തം ബ്ലഡ് ബാങ്കിൽനിന്ന് ലഭിക്കുന്ന സംവിധാനമാണ് റിപ്ലേസ്മെന്റ് ബ്ലഡ് ഡൊണേഷൻ.

**രക്തദാനത്തിലൂടെ പകരാവുന്ന രോഗങ്ങൾ**

1. സിഫിലിസ്
2. ഹെപറ്റൈറ്റിസ് ബി & സി
3. എച്ച്. ഐ. വി. 1 & 2
4. മലേറിയ

**ബ്ലഡ് ബാങ്ക് ഉള്ള ആശുപത്രികൾ**

അംഗീകൃത ബ്ലഡ് ബാങ്ക് ഉള്ള ആശുപത്രികൾക്ക് മാത്രമേ രക്തം ശേഖരിക്കാൻ അധികാരമുള്ളൂ. കേരളത്തിൽ രക്തബാങ്ക് ഉള്ള 144 ആശുപത്രികൾ ഉണ്ട്. അതിൽ 44 എണ്ണം സർക്കാരിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നു. രക്തം ഘടകങ്ങളാക്കി (പ്ലേറ്റ്ലറ്റ്സ് & പ്ലാസ്മ മുതലായവ) സൂക്ഷിക്കാനുള്ള സംവിധാനവും ഇപ്പോൾ ഉണ്ട്.

**ജീവൻ കിടക്കുന്ന രക്തം ഭക്ഷ്യവസ്തുവായി ഉപയോഗിക്കരുതെന്ന്** പഴയനിയമത്തിലും പുതിയനിയമത്തിലും **കല്പനയുണ്ട്.** (ആവർത്തന പുസ്തകം 12:23; അപ്പൊ. പ്രവർത്തി 15:20-28). രക്തം ഭക്ഷിക്കുന്നത് ആരോഗ്യത്തിന് ഹാനികരമെന്ന് മെഡിക്കൽ സയൻസും പറയുന്നുണ്ട്. രക്തം ഭക്ഷിക്കുന്നതും, രക്തദാനം ചെയ്യുന്നതും ഒരേ കർമ്മമായിട്ടാണ് യഹോവ സാക്ഷികൾ വ്യാഖ്യാനിച്ചിരിക്കുന്നത്. രക്തദാനം നിരോധിച്ചത് കൂടാതെ താഴെ പറയുന്ന ആറ് ഇനങ്ങളും യഹോവ സാക്ഷികൾ അവരുടെ അംഗങ്ങൾക്ക് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്.

1. അംഗങ്ങൾ തിരഞ്ഞെടുപ്പുകളിൽ വോട്ട് ചെയ്യാൻ പാടില്ല.
2. ദേശീയഗാനം ആലപിക്കാൻ പാടില്ല
3. പട്ടാളത്തിലോ കോടതിയിലോ ജോലി ചെയ്യാൻ പാടില്ല
4. അവധിദിവസങ്ങളോ ജന്മദിനമോ ആഘോഷിക്കാൻ പാടില്ല
5. അലുമിനിയം പാത്രങ്ങൾ ഉപയോഗിക്കാൻ പാടില്ല
6. വേറൊരു സമൂഹത്തിന്റെ ശവസംസ്കാരത്തിലോ വിവാഹത്തിലോ പങ്കെടുക്കാൻ പാടില്ല.

Article

# POVERTY IS A CURSE TO BE POOR IS A SIN



Pastor Chuck Morley
Atlanta,Georgia,US

Poverty comes from Hell, ...prosperity comes from Heaven. Sow a big seed, when you confess it, you are activating the supernatural forces of God. *(famous prosperity teacher)*

Before we begin this section, I would like to say that I believe both God and Satan make certain individuals rich or poor. But there are exceptions on both sides.

1. Satan is responsible for the riches accumulated by all the illegal and immoral activities. God does not prosper the drug dealer, the bootlegger, the pimp, the thief, or the religious hireling. I believe Satan does. He also contributes to the poverty, sickness and death that many suffer because of their addictions and promiscuous lifestyle. However, we must realize that Satan can do nothing without first receiving permission from God.

2. "For promotion cometh neither from the east, nor from the west, nor from the south. But God is the judge: he putteth down one, and setteth up another." *(Psalm 75:6-7)*

I'm going to use a scripture that makes most Prosperity and Word of Faith teachers cringe. "...the Lord gave, and the Lord hath taken away; blessed be the name of the Lord." *(Job 1:21)* They cringe at this verse because it is one of the biggest contradictions to their gospel. They try to explain Job's statement away with the notion that since the book of Job is the oldest in the cannon of scripture, he had no other biblical writers to influence and guide him. So, he was wrong when he said, "...the Lord gave and the Lord hath taken away..." It seems he just didn't know any better. Listen to this example.

You know what? We've said this a million times and it's not even scriptural - all because of Job: "The Lord giveth and the Lord taketh away. Blessed be the name of the Lord." I have news for you: that is not Bible, that's not Bible. The Lord giveth and never taketh away. And just because he said, "Blessed be the name of the Lord," don't mean that he's right. When he said, "Blessed be the name," he was just being religious. And being religious don't mean you're right. *(famous prosperity teacher)*

This evangelist should have continued reading into the next verse. In all this Job sinned not, nor charged God foolishly. *(Job 1:22)*

Does the Lord "giveth and never taketh away" ring true throughout scripture? Do you remember the story of King Saul and his disobedience to the Lord in the battle with the Amalekites? Let me remind you of Samuel the prophet's words to King Saul.

...Because thou hast rejected the word of the Lord, he hath also rejected thee from being king. *(1 Samuel 15:23)* God gave Saul the position of King, and God took it away. You see, the truth is, Job had the same guidance and influence as Moses, the prophets, Peter, Paul etc.

All scripture is given by inspiration of God... *(2 Tim 3:16)* Knowing this first, that no prophecy of the scripture is of any private interpretation. For the prophecy came not in time by the will of man; but holy men of God spoke as they were moved by the Holy Ghost. *(2 Peter 1:21)*

Job didn't miss God. He didn't have to preach someone else's sermon, as is so popular today. There was no religious celebrity's bandwagon to climb on. The Holy Spirit filled his heart, and his mouth spoke as if it had been God himself.

Job is also a prime example that God does bless some people with earthly riches. But no where in scripture does He promise every believer this same blessing.

Both Luke and Mark record the story of the widow who gave her only two mites, and was commended by Jesus over the rich men of the synagogue who gave much more. Take a close look at this story.

And he looked up, and saw the rich men casting their gifts into the treasury. And he saw also a certain poor widow casting in thither two mites. And he said, Of a truth I say unto you, that this poor widow hath cast in more than they all: For all these have of their abundance cast in unto the offerings of God: but she of her penury hath cast in all the living that she had. *(Luke 21:1-4)*

Twice Jesus referred to this widow as being poor. He also says she gave out of her *penury* which means "extreme poverty and want." And because of that extreme poverty she could only give two mites. That's all that she had to live on that day.

Now, if being poor is a sin, as the church is being led to believe, why was there no rebuke from our Lord? If poverty is a curse or a demonic spirit, why was there no offer of deliverance? The reason is simple; neither belief is true.

Instead, only praise, because her offering was one of compassion and obedience. She did not give to get, she gave to love. If you think that she gave all that she had in order to receive a 30, 60 or 100 fold return, how will you explain Romans 11:35? "Who has ever given to God, that God should repay him?" *(NIV)* If that had been her motive, than Jesus would have been obligated to rebuke her. You see, the focus was not of the quantity of the gifts, but the quality (motive) of the givers.Matthew, Mark

05

# പെന്തക്കോസ്തൽ ഫെലോഷിപ്പ് ഓഫ് പെൻസിൽവേനിയ ത്രിദിന കൺവൻഷൻ



റവ.വത്സൻ എബ്രഹാം



റവ.വെസ്ളി ഡാനിയേൽ



റവ. ജോർജ്ജ് മാത്യു

ഉമ്മൻ എബനേസർ, തുമ്പമൺ

പെന്തെക്കോസ്തൽ ഫെലോഷിപ്പ് ഓഫ് പെൻസിൽ വേനിയയുടെ ആഭിമുഖ്യത്തിൽ സെപ്. 16–18 വരെ ഐക്യ കൺവൻഷൻ നടന്നു. ഏബനേസർ ചർച്ച് ഓഫ് ഗോഡ് ഓഡിറ്റോറിയത്തിൽ വച്ചാണ് സംയുക്ത കൺവൻഷൻ നടത്തപ്പെട്ടത്. അറിയപ്പെടുന്ന കൺവൻഷൻ പ്രസംഗകനും, ഇൻഡ്യാ പെന്തെക്കോസ്തു ദൈവസഭയുടെ ജനറൽ സെക്രട്ടറിയുമായ റവ. വത്സൻ ഏബ്രഹാം (കാലിഫോർണിയ) വചന ശുശ്രൂഷ നിർവ്വഹിച്ചു. ഈ മീറ്റിംഗുകളിൽ പെന്തെക്കോസ്തൽ ഫെലോഷിപ്പ് ഓഫ് പെൻസിൽ വാനിയ ക്വയർ ഗാന ശുശ്രൂഷ നിർവ്വഹിച്ചു.

വെള്ളിയാഴ്ച വൈകിട്ടു നടന്ന പ്രഥമ സമ്മേളനത്തിൽ ഫെലോഷിപ്പിന്റെ ജനറൽ കോർഡിനേറ്ററായ റവ. വെസ്ളി ഡാനിയേൽ കൺവൻഷൻ ഉദ്ഘാടനം ചെയ്തു. കൺവൻഷന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി വിവിധ സബ് കമ്മറ്റികൾ പ്രവർത്തിച്ചു. ഈ ഫെലോഷിപ്പിൽപ്പെട്ട എല്ലാ സഭകളിൽ നിന്നും ഉള്ളതായ വിശ്വാസികളും ശുശ്രൂഷകരും കൺവൻഷനിൽ പങ്കെടുത്തു.

01 പി.സി. ഐ

-ഒക്കലാഹോമ (ചാരിറ്റി കോ -ഓഡിനേറ്റർ)

എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങളായി ഡോ. ഇട്ടി എബ്രഹാം (ന്യൂയോർക്ക്) ഡേവിഡ് കുരുവിള (ന്യൂയോർക്ക്), പാസ്റ്റർ മോനി മാത്യൂ (ന്യൂയോർക്ക്), മത്തായി ആലും മൂട്ടിൽ (ന്യൂയോർക്ക്), പാസ്റ്റർ ജോൺ തോമസ്(ന്യൂയോർക്ക്), പാസ്റ്റർ വിൽസൻ ജോസ്(ന്യൂയോർക്ക്), കെ വി ജോസഫ്(ടെന്നസ്സി), സജി തട്ടയിൽ (ന്യൂയോർക്ക്), കെ വി എബ്രഹാം (ഒക്കലഹോമ), എന്നിവരേയും നിയോഗിച്ചിട്ടുണ്ട്. രണ്ടു വർഷമാണ് പ്രവർത്തനകാലാവധി.

# ഐ. പി. സി സൗത്ത് ഈസ്റ്റ് പ്രശ്നം ജേണൽ വാർത്ത യാഥാർത്ഥ്യം

ഫ്ളോറിഡ: ഐ. പി. സി. സൗത്ത് ഈസ്റ്റ് റീജിയനുമായി ബന്ധപ്പെട്ട് ബിലീവേഴ്സ് ജേണലിൽ വന്ന വാർത്ത തെറ്റാണെന്ന് അനിയൻ കുഞ്ഞ് വള്ളംകുളം എന്ന വ്യക്തി മറ്റൊരു പത്രത്തിലൂടെ ആരോപിച്ചിരിക്കുന്നു. എന്നാൽ ജേണൽ വാർത്തയിൽ യാതൊരു തെറ്റും സംഭവിച്ചിട്ടില്ല. റീജിയൻ സെക്രട്ടറിയായ റവ. ജോൺ ശാമുവേലിനെതിരെ യാതൊരു നടപടിയും ജനറൽ ബോഡിയിൽ എടുത്തിട്ടാല്ലായെന്നും റീജിയൻ പ്രസിഡന്റായിരുന്ന റവ. കെ. സി. ജോണിനെ അടുത്തവർഷം നടത്തുന്ന ജനറൽ ബോഡി മീറ്റിംഗ് വിളിച്ചു കൂട്ടുവാൻ ചുമതലപ്പെടുത്തുകമാത്രമാണ് ഉണ്ടായത് എന്നുമാണ് ജേണൽ റിപ്പോർട്ട് ചെയ്തത്. ഇതാണ് യഥാർത്ഥ വസ്തുത. കൂടുതൽ വിവരങ്ങൾ അടുത്ത ലക്കത്തിൽ

# പി.സി.ഐ.ഒക്കലഹോമ ചാപ്റ്റർ



ഒക്കലഹോമ: പെന്തക്കോസ്തൽ കൗൺസിൽ ഓഫ് ഇന്ത്യാ ഒക്കലഹോമ ഘടകം രൂപീകരിച്ചു. പ്രസിഡന്റ് തോമസ് വടക്കേക്കുറ്റ് പുതിയ കമ്മിറ്റിയ്ക്കായി പ്രാർത്ഥിച്ചു. ജനറൽ സെക്രട്ടറി കെ.എൻ. റസ്സൽ പി.സി.ഐ.-യുടെ പ്രവർത്തനങ്ങളെപ്പറ്റി വിശദീകരിച്ചു. നാഷണൽ സെക്രട്ടറി ഷാജി മണിയാറ്റ് സംസാരിച്ചു. ഭാരവാഹികളായി പാസ്റ്റർ പോത്തൻ വർഗീസ് (പ്രസിഡന്റ്), തോമസ് വർഗീസ് സി.പി.എ. (വൈസ് പ്രസിഡന്റ്), കുര്യൻ സക്കറിയ (സെക്രട്ടറി), കെ.വി. എബ്രഹാം (ജോ. സെക്രട്ടറി), എബ്രഹാം വർഗീസ് (ട്രഷറാർ), തേജസ് തോമസ് (മീഡിയ കോ-ഓർഡിനേറ്റർ), ബെന്നി പാപ്പച്ചൻ (ചാരിറ്റി കോ-ഓർഡിനേറ്റർ), പാസ്റ്റർ എം.ജെ. ഏബ്രാഹാം, സാം വടക്കേക്കുറ്റ്, ബിജു മാത്യു, അലക്സാണ്ടർ വർഗീസ് (എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ).

# പി.സി.ഐ.ഡാളസ്സ് ചാപ്റ്റർ





ഡാളസ്സ്: പെന്തക്കോസ്തൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ ഡാളസ്സ് ചാപ്റ്ററിന് പുതിയ ഭരണ സമിതിയെ തെരഞ്ഞെടുത്തു. ജൂലൈ 24 ന് മസ്കിറ്റ് ശാരോൺ ചർച്ചിൽ നടന്ന യോഗത്തിൽ നാഷണൽ പ്രസിഡന്റ്, പാസ്റ്റർ വീയ്യപുരം ജോർജ്ജുകുട്ടി അധ്യക്ഷത വഹിച്ചു. പി.സി.ഐ ജനറൽ സെക്രട്ടറി കെ.എൻ. റസ്സൽ പി.സി.ഐ യുടെ പ്രവർത്തന ശൈലിയും ലക്ഷ്യവും വിശദീകരിച്ചു. തുടർന്ന് നടന്ന തെരഞ്ഞെടുപ്പിൽ എബ്രഹാം പി. എബ്രഹാം (പ്രസിഡന്റ്), രാജു തരകൻ (സെക്രട്ടറി), ബോബി തോമസ്സ് (ജോയിന്റ് സെക്രട്ടറി), റജി എൻ. എബ്രഹാം (ട്രഷറർ), വെസ്ലി മാത്യു (മീഡിയ കൺവീനർ) എന്നിവരടങ്ങിയ 7 അംഗകമ്മിറ്റിയേയും തെരഞ്ഞെടുത്തു.

## ഡോ.കോര സംസാരിക്കുന്നു



1. ഐ. പി. സി. സൗത്ത് ഈസ്റ്റ് റീജിയൻ ജനറൽ ബോഡിയിൽ കൈവെട്ട് ശുശ്രൂഷ നടത്തുമെന്ന് ഭീഷണി – **വാർത്ത**

*രണ്ടു കൈയുള്ളവനായി നരകത്തിൽ പോകുന്നതിനേക്കാളും, ഒറ്റ കൈയ്യനായി സ്വർഗ്ഗത്തിൽ പോകുന്നതാണല്ലോ നല്ലത്.*

2. ഐറിൻ കൊടുങ്കാറ്റ് അമേരിക്കയെ പിടിച്ചുകുലുക്കി – **വാർത്ത**

*ഈശാനമൂലൻ ആഞ്ഞടിച്ചാൽ കുലുങ്ങാത്ത അമേരിക്കയിലെ ചില പെന്തെക്കോസ്തുകാർ ഐറിൻ വീശിയാൽ എങ്ങനെയാ കുലുങ്ങുന്നത്.*

3. ഐ. പി. സിയിലും, ചർച്ച് ഓഫ് ഗോഡിലും പ്രീമാരിറ്റൽ കൗൺസലിംഗ് തുടങ്ങുന്നു – **വാർത്ത**

*അമേരിക്കയിലെ യുവജനങ്ങൾ കൗൺസിലിംഗ്, ഡേറ്റിംഗ് ആയി കാണാതിരുന്നാൽ നല്ലത്.*

4. സൗത്ത് ഈസ്റ്റ് പ്രശ്നക്കാരെ താങ്കൾ കണ്ടിട്ടുണ്ടോ? – **ടോമി, ഫ്ളോറിഡ**

*ഫോട്ടോ കണ്ടപ്പോളെ അവരുടെ മുമ്പിൽ "ഞങ്ങൾ വിട്ടിലുകളെപ്പോലെ തോന്നി"*

5. ഭൂകമ്പവും ചുഴലിക്കാറ്റും മാറി മാറി അമേരിയ്ക്കയിൽ വീശിയിട്ട് അവിടെയുള്ള വിശ്വാസികൾ മാനസ്സാന്തരപ്പെട്ടു കാണുമോ? – **ഫിലിപ്പ്, ഒറ്റപ്പാലം**

*"ഞാൻ കുലുങ്ങുകില്ല ഒരുനാളും വീഴില്ല...." എന്നു പാടുന്നവർക്ക് എവിടെ മാനസ്സാന്തരം...?*




**രാജൻ ആര്യപ്പള്ളിൽ**

# കരുത്തുകാട്ടുന്ന സാമ്പത്തിക രംഗം

പ്രതീക്ഷ നൽകികൊണ്ട് അമേരിക്കൻ സാമ്പത്തിക രംഗത്തിന് ചിറകു മുളയ്ക്കുന്നു എന്ന തോന്നൽ കഴിഞ്ഞ ആഴ്ചകൾ നൽകി. എന്നാൽ കാതലായ പ്രശ്നങ്ങൾക്ക് പരിഹാരം വരാത്ത കാലത്തോളം ഇത് എത്രമാത്രം സ്ഥായിയായി നിൽക്കുമെന്ന് പ്രവചിക്കാൻ വയ്യ. അടുത്തുവരുന്ന പ്രസിഡന്റ് തെരഞ്ഞെടുപ്പ് രംഗത്തെ മുഖ്യ ചർച്ചാവിഷയം അമേരിക്ക നേരിടുന്ന സാമ്പത്തിക പ്രതിസന്ധിതന്നെയാണ്. വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മയും സാമ്പത്തീക മാന്ദ്യവും ബറാക് ഒബാമയുടെ തെരഞ്ഞെടുപ്പു വിജയത്തെ കാര്യമായി ബാധിക്കുമെന്നാണ് വിലയിരുത്തപ്പെടുന്നത്. ഇതുവരെ നടന്ന എല്ലാ അഭിപ്രായ സർവ്വേകളിലും ബറാക് ഒബാമ പിന്നിലാണ്. ജനങ്ങളുടെ മനസ്സിൽ സ്ഥാനം പിടിക്കുവാൻ ഒബാമയ്ക്ക് കഴിഞ്ഞില്ലായെന്ന് ചുരുക്കം. താൻ വരുത്തുവാൻ ശ്രമിക്കുന്ന പരിഷ്കാരങ്ങളൊന്നും വേണ്ടത്ര ഫലപ്രദമാകുന്നില്ലായെന്നാണ് ജനാഭിപ്രായം. തെരഞ്ഞെടുപ്പ് രംഗം ചൂടായി കഴിഞ്ഞു. അടുത്ത ഭരണാധികാരിയായി ആരു വന്നാലും അവരുടെ മുമ്പിലുള്ള വെല്ലുവിളി വളരെ വലുതാണ്. ഏതായാലും കാത്തിരുന്നു കാണാം.

01 ## ഫെയ്ത്ത് ലീഡേഴ്സ് ...

വർ മുഖ്യ പ്രസംഗകരായിരിക്കും.

കൺവൻഷന്റെ അനുഗ്രഹീതമായ നടത്തിപ്പുകൾക്കായി റവ. ദാനിയേൽ മാത്യു ജനറൽ കൺവീനറായി വിവിധ കമ്മറ്റികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. കൺവീനേഴ്സ്: പ്രാർത്ഥന – പാസ്റ്റർ സജി കുര്യൻ, പബ്ലിസിറ്റി – ചാർളി .ജെ. ബ്ലസ്സൻ, മീഡിയ – ബ്രദ. റെജി ദാനിയേൽ മാത്യു, ഫിനാൻസ് – ബ്രദ. റെഞ്ചി.ഡി.ബ്ലസ്സൻ, അക്കോമഡേഷൻ – പാസ്റ്റർ സി.എം. തോമസ്, ഫുഡ് – ബ്രദ. രൂഫസ് ഏബ്രഹാം, വോളന്റിയർ – പാസ്റ്റർ കെ.സജി ചാത്തങ്കേരി, ട്രാൻസ്പോർട്ടിംഗ് – ബ്രദ. ബിജു സെബാസ്റ്റ്യൻ, പന്തൽ – പാസ്റ്റർ ബേബി ജേക്കബ്, റിസപ്ഷൻ – പാസ്റ്റർ വി.വി. ചാക്കോ, സ്റ്റേജ് – പാസ്റ്റർ എബി ഏബ്രഹാം, ലൈറ്റ് – പാസ്റ്റർ സെബാസ്റ്റ്യൻ തോമസ്, പ്രസ്സ് – ബ്രദ. സ്റ്റാൻലി ജോൺ എബനേസർ, പ്രോഗ്രാം – റവ. ദാനിയേൽ മാത്യു, സുവി. ജെ.സി ദേവ്, ഓഫീസ് – പാസ്റ്റർമാരായ സാം അലക്സ്, എം.എ.ജോൺ, പവ്വർ കോൺഫറൻസ് രജിസ്ട്രേഷൻ – പാസ്റ്റർ പി.ജി. വർഗ്ഗീസ്, ജോസ് .സി. ജോസഫ്, പാർക്കിംഗ് – പാസ്റ്റർ ജയൻ ഇ.ജെ, സെക്യൂരിറ്റി – പാസ്റ്റർമാരായ ജോബ് കെ. വർഗ്ഗീസ്, ജോസ്, അറേജ്മെന്റ്സ് – പാസ്റ്റർമാരായ എൻ. കുഞ്ഞുമോൻ, കെ.പി.ഏബ്രഹാം, ഗസ്റ്റ് റിലഷൻ – പാസ്റ്റർ റോയി ദാനിയേൽ മാത്യു, വിജിലൻസ് – പാസ്റ്റർമാരായ ബാബു ജോൺ, ജോസഫ് മാത്യു, മ്യൂസിക് – പാസ്റ്റർ അനീഷ് ഉലഹന്നാൻ.

പതിനായിരങ്ങൾ യോഗങ്ങളിലേക്ക് കടന്നുവരുന്നതിനും ദേശത്ത് ദൈവീക ശക്തി വെളിപ്പെടേണ്ടതിനുമായി സമയങ്ങൾ വേർതിരിച്ച് പ്രാർത്ഥിക്കുക. സമീപ പ്രദേശങ്ങളിലേക്ക് വാഹന സൗകര്യം ഉൾപ്പടെ വിപുലമായ ക്രമീകരണങ്ങൾ ആണ് ഒരുക്കുന്നത്.

കൂടുതൽ വിവരങ്ങൾക്ക് : 04693269009, 9947574599, 9846061298

# നിത്യതയിൽ



**ഡാളസ്:** കല്ലിശേരി കാവിൽ തോമാച്ചന്റെ പുത്രനും, മലബാറിൽ ദീർഘകാലം അദ്ധ്യാപകനുമായിരുന്ന എൻ. ടി. ചാണ്ടി (85) ഡാളസിൽ നിര്യാതനായി. ഭാര്യ: പരേതയായ അന്നമ്മ പുന്നൂസ്, മക്കൾ: പരേതനായ എൻ. സി. തോമസ്, എൻ. സി. ജയിംസ് (കല്ലിശേരി), പാസ്റ്റർ എൻ. സി. ഫിലിപ്പ് (ബാംഗ്ലൂർ), സുമ, ജോസഫ്, ബെന്നി (മൂവരും ഡാളസ്), മരുമക്കൾ: ശോഭന തോമസ് (ദോഹ), സാലമ്മ (കല്ലിശ്ശേരി), മേരിക്കുട്ടി (ബാംഗ്ലൂർ), മത്തായി, സിസ്മോൾ, ജോയ്സ് (മൂവരും ഡാളസ്). സണ്ണി വെയ്ൽ ഈസ്റ്റ് ഹൈവേയിലുള്ള ന്യൂ ഹോപ്പ് ഫ്യൂണറൽ ആൻഡ് മെമ്മോറിയൽ ഗാർഡൻസിൽ സംസ്കരിച്ചു. ഐ. പി. സി. ജനറൽ വൈസ് പ്രസിഡന്റ് ഡോ. ബേബി വർഗ്ഗീസ് സംസ്കാര ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

01 ## ഓസ്ട്രേലിയൻ ഇന്ത്യൻ.....

കോ – ഓർഡിനേറ്റർമാരായും പാസ്റ്റർ ജോൺ തോമസിനെ (ബ്രിസ്ബെയിൻ) നാഷണൽ പ്രെയർ കോ – ഓർഡിനേറ്ററായും, പാസ്റ്റർ ആൽവിൻ ജോസഫിനെ (ഗോൾഡ് കോസ്റ്റ്) നാഷണൽ യൂത്ത് കോ – ഓർഡിനേറ്ററായും തെരഞ്ഞെടുത്തു.

സ്റ്റേറ്റ് കോ – ഓർഡിനേറ്റർമാരായി പാസ്റ്റർ സജിമോൻ സ്കറിയ (ക്യൂൻസ് ലാൻഡ്), പാസ്റ്റർ ഏബ്രഹാം ജോർജ്ജ് (ന്യൂ സൗത്ത് വെയിൽസ്), പാസ്റ്റർ സുനിൽ അക്കരത്ത് (നോർത്തേൺ ടെറിറ്ററി), പാസ്റ്റർ സുനിൽ പണിക്കർ (ഗോൾഡ് കോസ്റ്റ്), ഇവാ. മിനു മാത്യു (ഡാർവിൻ) എന്നിവരെയും ഇവാ. വിക്ടർ ജോർജ്ജിനെ (ബ്രിസ്ബെയിൻ) വർഷിപ്പ് ലീഡറായും തെരഞ്ഞെടുത്തു. കൂടുതൽ വിവരങ്ങൾക്ക് പാസ്റ്റർ തോമസ് ജോർജ്ജ് (+61412714561), പാസ്റ്റർ പ്രകാശ് ജേക്കബ് (+61413347562) എന്നിവരെ ബന്ധപ്പെടേണ്ടതാണ്.

01 ## POVERTY IS A CURSE TO BE POOR IS A SIN

and Luke tell this story.

And, behold one came and said unto him, Good Master, what good thing shall I do, that I may have eternal life?

...if thou wilt enter into life, keep the commandments. ...The young man saith unto him, All these things have I kept from my youth up: what lack I yet? Jesus said unto him, If thou wilt be perfect, go and sell that thou hast, and give to the poor, and thou shalt have treasure in heaven: and come and follow me. But when the young man heard that saying, he went away sorrowful: for he had great possessions. *(Matthew 19:16-22)*

Let's look at verse 21. "...sell what thou hast, and give to the poor..." If being poor is a sin, again, the question, should money or repentance have been ministered? If being poor is a sin, why are we not warned in scripture about falling into its trap? Like adultery, stealing, or lying, shouldn't there have been a commandment like, "Thou shalt not labor for any wage below minimum?" Or maybe, "When thou workest, be sure thy pay scale is above poverty level?" No, that's ridiculous. And so is believing that poor people are sinners, and that if you live below the poverty level you are under a curse.

There is another reason why this man could not give up his riches. When Jesus spoke to him in verse 21 He had discerned something and said, "If thou wilt be *perfect*, go and sell that thou hast...." The word perfect comes from the Greek word "teleios". It means, "complete, growth, mental and moral character." In one word; maturity.

When children want something, they will usually go to any length to get it. Have you ever been in a grocery or department store and heard the screams of a child who wanted something but was denied by his or her parent? When children want to keep something they already have, it's the same response. Have you ever tried to take a cookie, piece of candy or a toy from a child?

This man had kept the law outwardly, but was still immature spiritually. Jesus was saying, "If you really want to demonstrate the love of God that you profess you have, then sell everything." He wasn't too different than a lot of today's church members. As long as they can serve Go d on their own terms, everything is fine. But when the Holy Spirit begins to challenge their lifestyle or begins correcting them, they will start looking for a new church.

He left sorrowfully because he knew Jesus had spoken the truth. He may very well have wanted to serve God and be assured of heaven, but he didn't want to give up his way of life to do it.

How about the heroes of faith in Hebrews eleven? When prosperity teachers teach about men and women of faith, they always seem to skip over this group.

And others had trial of cruel mocking and scourging, yea, moreover of bonds and imprisonment: They were stoned, they were sawn asunder, were tempted, and were slain with the sword: they wandered about in sheepskins and goatskins: being destitute, afflicted, tormented: (Of whom the world was not worthy:) they wandered in deserts, and in mountains, and in dens and caves of the earth. And these all, having obtained a good report through faith, received not the promise: *(Hebrews 11:36-39)*

According to prosperity teaching these stalwart soldiers of the living God are considered cursed and in sin. But God gives them a good report through faith. They will stand shoulder to shoulder with the widow to hear Jesus proclaim them as **good** and **faithful** servants.

I'm sure someone will respond with, "But pastor, look in verse 39, they did not receive the promise." What was the promise they didn't receive? Was it the promise for wealth and prosperity through faith? Was it the promise of abundant living through positive confession; or lands and houses? No, it was the same promise that's in verse 13.

These all died in faith, not having received the promises, but having seen them afar off, and were persuaded of them, and embraced them, and confessed that they were strangers and pilgrims on the earth. *(Hebrews 11:13)*

So what was the promise these men and women of faith never received? Very simple, Abel, Enoch, Noah, Abraham, Isaac, Jacob and Sarah looked for the coming Messiah. The New Testament saints looked for His deliverance.

Their faith was not in acquiring wealth and riches, houses and land. It was in seeing and experiencing the King of Kings and Lord of Lords.

## 03 യുവജന പംക്തി

12. ശരിയായ ശീലങ്ങൾ
13. ആത്മവിശ്വാസവും താഴ്മയും
14. ശരിയായ തീരുമാനങ്ങൾ
15. മനോഭാവം

മുകളിൽ പറഞ്ഞവയെല്ലാം വിജയത്തിലേക്കുള്ള ചുവടുകളാണെങ്കിലും അവയെ എല്ലാം കൂടി താഴെപറയുന്ന നാല് കാര്യങ്ങളിൽ ക്രോഡീകരിക്കാം.

1. ലക്ഷ്യം (Aim)
2. തീവ്രമായ ശ്രമം (Hardwork)
3. ആത്മവിശ്വാസം (Self confidence)
4. ദൈവാശ്രയം (Dependence on God)

ലക്ഷ്യം (Aim)

ലക്ഷ്യം എന്നത് സുസ്ഥിരമായ ഒന്നല്ല. ജീവിതം ഒരു നീണ്ട യാത്രയാണ്. എത്തിപ്പിടിക്കുവാൻ നിരവധി സാദ്ധ്യതകൾ ഉണ്ട്. പിടിച്ചു എന്നോ നേടി കഴിഞ്ഞുവെന്നോ പറയുക സാദ്ധ്യമല്ല. ഒരു ലക്ഷ്യം നേടിയാൽ പിന്നെ അടുത്ത ലക്ഷ്യത്തിലേക് യാത്ര തുടരുകയാണ്. "ഒരു ലക്ഷ്യത്തിലെത്തി കഴിഞ്ഞാൽ ഉടൻ തന്നെ അടുത്ത ലക്ഷ്യം കണ്ടെത്തുകയും അത് നേടുവാനായി ശ്രമിക്കുകയും ചെയ്യുന്നവർക്ക് അത്യന്തികമായി ആത്മസംതൃപ്തി ലഭിക്കുന്നു" എന്ന് നോർമൽ വിൻസന്റ് പീൽ തന്റെ 'ക്രിയാത്മ ചിന്തകളും ജീവിതവിജയവും എന്ന ഗ്രന്ഥത്തിൽ പറയുന്നു. ലക്ഷ്യങ്ങൾ നേടുക എന്നത് ഒറ്റ കുതിപ്പിൽ സാദ്ധ്യമാകുന്ന ഒന്നല്ല, നിരന്തര പരിശ്രമത്തിലൂടെ മാത്രം സാദ്ധ്യമാകുന്ന ഒന്നാണ്.

ജീവിതം ലക്ഷ്യങ്ങൾ നേടുവാനുള്ള യാത്രയാണ്. പൗലോസ് എന്ന സുവിശേഷകൻ ഓർപ്പിക്കുന്നു; "ലഭിച്ചു കഴിഞ്ഞു എന്നോ, തികഞ്ഞവനായി എന്നോ അല്ല. ക്രിസ്തുവിനാൽ പിടിക്കപ്പെട്ടിരിക്കുന്നതു കൊണ്ട് എനിക്കും അതു പിടിക്കാമോ എന്നുവെച്ചു പിൻതുടരുന്നതേയുള്ളു" (ഫിലി: 3:12) ക്രിസ്തീയ ജീവിതത്തിൽ പക്വത പ്രാപിക്കുവാനുള്ള ഓട്ടത്തിൽ ലക്ഷ്യം മുമ്പിൽ കണ്ട് യാത്ര തുടരുകയാണിദ്ദേഹം. ലക്ഷ്യം ഉള്ളവർക്ക് മാത്രമേ അത് നേടുവാൻ കഴിയൂ. ലക്ഷ്യം എന്നത് 3 തരത്തിലാകാം.*

1. ഹ്രസ്വകാലം – 1 വർഷം വരെ
2. ഇടക്കാലം – 3 വർഷം വരെ
3. ദീർഘകാലം – 5 വർഷം വരെ* (you can win, Shiv khera)

വിദൂരങ്ങളിലേക്ക് കണ്ണുകൾ ഉറപ്പിച്ച് യാത്രചെയ്യുമ്പോൾ മറ്റനേകം ഹ്രസ്വകാല ലക്ഷ്യങ്ങൾ പിന്നിടേണ്ടിവരും. ഉദാഹരണമായി ഡോക്ടറാകാൻ ലക്ഷ്യം വെക്കുന്ന ഒരു കുട്ടിയുടെ ഹ്രസ്വകാല ലക്ഷ്യം പഠിച്ച് 10-ാം ക്ലാസ് ജയിക്കുക. തുടർന്ന് +2 പാസ്സാകുക. പിന്നീട് MBBS പഠിക്കുക. അത് ജയിക്കുക. പിന്നെ ഡോക്ടറാകുക എന്നിങ്ങനെയാണ്. ദീർഘകാല ലക്ഷ്യങ്ങൾ പ്രാപിക്കണമെങ്കിൽ ഹ്രസ്വകാല ലക്ഷ്യങ്ങൾ നേടണം. ഹ്രസ്വകാല ലക്ഷ്യങ്ങൾ വെറും ചവിട്ടുപടികളാണ്. അവയെ വേണ്ടവിധത്തിൽ നേരിട്ടില്ലെങ്കിൽ ദീർഘകാല ലക്ഷ്യങ്ങൾ വിദൂരസ്വപ്നമായി തന്നെ അവശേഷിക്കും.

*ലക്ഷ്യത്തിലേക്ക് യാത്ര ചെയ്യുമ്പോൾ one day at a time' എന്നതായിരിക്കണം നമ്മുടെ നയം. അതായത് ഒരു സമയത്ത് ഒരു ദിനം. ഓരോ ദിവസവും ചെയ്യേണ്ടവ ചെയ്ത് പല ദിനങ്ങൾ പിന്നിട്ടെങ്കിൽ മാത്രമേ ലക്ഷ്യത്തിലെത്തു.*

അതുകൊണ്ട് സ്വാമി വിവേകാനന്ദൻ വിജയത്തിലേക്കുള്ള ആപ്തവാക്യമായി പറഞ്ഞിരിക്കുന്നത്;

*"Take up one idea, make that one idea as your life, think of it, dream of it, live on that idea, let the brain, muscles, nerves every part of your body be fill of that idea, and just leave every other idea. This is the way to success"*

*(ഒരു ലക്ഷ്യം മനസ്സിൽ കാണുക, ചിന്തിക്കുക, സ്വപ്നം കാണുക, അതിൽ ജീവിക്കുക. ശരീരത്തിലൂടെ എല്ലാ അവയവങ്ങളും അതിനാൽ നിറയട്ടെ. മറ്റ് ചിന്തകളെ പുറന്തള്ളുക. ഇതാണ് വിജയത്തിലേക്കുള്ള വഴി.)*

ലക്ഷ്യം പലപ്പോഴും മുമ്പിൽ കാണുവാൻ കഴിഞ്ഞില്ല എന്നുവരാം. എന്നാൽ മനസ്സിൽ ഒരു ലക്ഷ്യം കാണുക. അതിലേക്ക് ശ്രദ്ധയും മനസും കേന്ദ്രീകരിച്ച് യാത്രചെയ്യുക. അതുതന്നെയാണ് നമ്മുടെ പ്രസിഡന്റായിരിക്കുന്ന ഡോ. എ.പി.ജെ അബ്ദുൾ കലാമും ചെയ്തത്. അപ്രതീക്ഷിതമായ സാഹചര്യത്തിൽ നിന്ന് ഉന്നത ലക്ഷ്യത്തിലേക്ക് പറന്നുയരുവാൻ ലഭിച്ച ചിറകുകൾ തന്റെ ഭാവിയെപറ്റിയുള്ള സ്വപ്നങ്ങളായിരുന്നു. ലക്ഷ്യം നേടിയെടുക്കുവാനായി പലതും അദ്ദേഹം തള്ളിക്കളയേണ്ടിവന്നു. ലക്ഷ്യത്തിൽ നിന്ന് വ്യതിചലിപ്പിക്കുന്ന എന്തും നാമും തള്ളികളയേണം. ചിലതെല്ലാം നഷ്ടപ്പെടുത്തിയാൽ മാത്രമേ ശ്രേഷ്ഠമായ ചിലത് പ്രാപിക്കുവാൻ കഴിയുകയുള്ളു.

"The men who try to do something and fail are infinitely better than those who try to do nothing and succeed" (Lloyd Jones)

ആത്മീകദർശനം പ്രാപിച്ച പൗലോസ് എന്ന ക്രിസ്തുശിഷ്യൻ തന്റെ നിരവധി നേട്ടങ്ങളെ ചപ്പും ചവറുമായി തള്ളി മുമ്പോട്ടു പോകുന്നു. ഇതിന് പ്രധാനകാരണം തനിക്ക് പുറമേയുള്ള നേട്ടങ്ങളെക്കാൾ ആത്മീകമായ ഒരു ലക്ഷ്യം മുമ്പിൽ കാണുവാൻ കഴിഞ്ഞു എന്നതാണ്. ലോകത്തിലെ ലക്ഷ്യങ്ങൾക്ക് ഒരു ആത്മീക പരിവേഷം ലഭിക്കുമ്പോഴാണ് യഥാർത്ഥത്തിൽ ഒരാൾക്ക് അത് നേടുവാൻ കഴിയുന്നത്.

"If you are aiming to nowhere, that is just where you will go. ലക്ഷ്യമില്ലെങ്കിൽ നാം എങ്ങും എത്താതെ വഴിയടഞ്ഞ വരാകും. അതിനാൽ ജീവിതത്തിൽ ഒരു ഉന്നത ലക്ഷ്യം നേടുക. അതിനായി മാത്രം ലക്ഷ്യം വയ്ക്കുക. "നാം നോക്കുന്ന ലക്ഷ്യത്തിലേക്കു നാം യാത്ര ചെയ്യുന്നു; നിന്റെ ജീവിതത്തിലെ പരാജയമോ നേട്ടമോ നിശ്ചയിക്കുന്നതിന്റെ പ്രധാനകാരണം നിന്റെ ദൃഷ്ടി ഏതിലേക്കു പതിച്ചിരിക്കുന്നു എന്നുള്ളതിലാണ്. നിന്റെ ചിന്തകൾ പരാജയത്തിൽ ലക്ഷ്യം വച്ചിരിക്കുന്നുവെങ്കിൽ നീ അവിടെ തന്നെ അവസാനിക്കും." എന്ന ജോൺ മർഷിയുടെ വാക്കുകൾ ശ്രദ്ധേയമാണ്. വിശുദ്ധ ബൈബിൾ പറയുന്നു; "..... മുമ്പിൽ വെച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക. വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവരുമായ യേശുവിനെ നോക്കുക." (എബ്രാ. 12:1,2). ലക്ഷ്യബോധത്തോടെ യാത്രചെയ്യുകയാണല്ലോ ജീവിതവിജയത്തിന്റെ ആദ്യപടി. ഈ യാത്രയിൽ ലക്ഷ്യം മുമ്പിൽ കണ്ട് ഓടുവാൻ ആഗ്രഹിക്കുന്ന ഒരു ക്രിസ്തു ഭക്തൻ പറയും 'യേശുവാണെന്റെ നാഥൻ, അങ്ങയെ നോക്കി ഞാൻ എന്റെ ലക്ഷ്യത്തിലേക്ക് ഓടും.'

## 07 മാധ്യമവിചാരം

നീള പരസ്യം കൊണ്ടും കുറെ കടപ്പാട് സാഹിത്യം കൊണ്ടും സമൃദ്ധമാണ്. തന്റേത് പെന്തെക്കോസ്ത് പത്രമല്ലായെന്ന് നാഴികയ്ക്ക് നാല്പത് വട്ടം സത്യം ചെയ്യുന്ന മരുപ്പച്ചയ്ക്കും കഴിഞ്ഞ ലക്കം സത്യം പറയേണ്ടിവന്നു. എപ്പിസ്കോപൽ സഭകളുടെയും പെന്തെക്കോസ്ത് സഭകളുടെയും പത്രങ്ങളുടെ പൊതുവേദിയുണ്ടത്രെ! അതിന്റെ ട്രഷറാർ മരുപ്പച്ച പത്രാധിപർ അച്ചൻകുഞ്ഞ് ഇലന്തൂരാണത്രെ. അങ്ങനെയെങ്കിൽ മരുപ്പച്ച അല്ലാതെ മറ്റേതു പത്രമാണ് പെന്തെക്കോസ്തരെ പ്രതിനിധീകരിക്കുക? പത്രാധിപരുടെ ഈ സുബോധമില്ലായ്മയെ മാധ്യമവിചാരകൻ വിമർശിക്കുന്നതിൽ മനം നൊന്തു കരഞ്ഞിട്ടെന്തുകാര്യം? എനിക്കും മരുപ്പച്ചയ്ക്കും ഒരു പോലെ സുഹൃത്തുക്കളായ ചിലരെ ഇടനിലനിർത്തി അനുരഞ്ജനത്തിന് വഴിതേടിയ മരുപ്പച്ചയ്ക്ക് മുമ്പിൽ വച്ച ഉപാധികൾ ലംഘിക്കപ്പെട്ടതോടെ മരുപ്പച്ചയെ തുടർന്നും ഈ വിശകലനത്തിൽ പ്രതീക്ഷിക്കാം. മരുപ്പച്ചയോടുള്ള വിയോജിപ്പ് വ്യക്തിപരമല്ല. ആദ്യം പാസ്റ്റർ റ്റി. സി. ഈശോ, സാജു മാത്യു തുടങ്ങിയവരുടെ പത്രാധിപത്യത്തിൽ ഉന്നതനിലവാരത്തിൽ പ്രസിദ്ധം ചെയ്തുപോന്ന മരുപ്പച്ചയെ ബൈബിളിലെ ഈയ്യോബിന്റെ പുസ്തകം കെട്ടുകഥയാണെന്നും മത്തായി 28ന്റെ അവസാനം സ്നാനത്തെ സംബന്ധിക്കുന്ന പരാമർശങ്ങൾ കൂട്ടിച്ചേർത്താണെന്നുമൊക്കെ വിശ്വസിക്കുന്ന സണ്ണിയച്ചനും മറ്റും വിഹരിക്കാൻ കഴിയുന്ന മാലിന്യ സംസ്കരണ പ്ലാന്റായി മാറ്റിയതിന്റെ പരിഭവം മാത്രമേ മാധ്യമ വിചാരകനുള്ളു.

വടക്കേക്കുറ്റ് സാർ വാക്കു വിഴുങ്ങുമോ? പാസ്റ്റർമാർക്ക് ദശാംശവും സ്തോത്രക്കാഴ്ചയും നൽകുന്ന നമ്മൾ വിശ്വാസികൾ തന്നെ ഉപദേശം സംരക്ഷിക്കാൻ രംഗത്തുവരണമെന്നത് ആശങ്കാജനകമാണെന്ന് അപ്പോളജെറ്റിക്സ് യോഗത്തിൽ അദ്ധ്യക്ഷസ്ഥാനത്തിരുന്നുകൊണ്ട് അടിച്ചു കസറിയ അദ്ദേഹം ഇപ്പോൾ പറയുന്നു തങ്കു, ഡാമിയൻ, മുല്ലക്കര തുടങ്ങിയ ആളുകൾ മാത്രമാണ് അത്ഭുതം ചെയ്യാൻ പ്രാപ്തിയുള്ള യഥാർത്ഥ ദൈവദാസന്മാർ. ഗുഡ്ന്യൂസിലെ ദൂരദർശനത്തിൽ സാർ ഇവരെയൊക്കെ വാനോളം വാഴ്ത്തുമ്പോൾ മുമ്പെന്തിനാണ് ഇവർക്കെതിരെ തിരുവല്ലയിലെ പ്രതിഷേധയോഗത്തിൽ പ്രസംഗിച്ചത്? സാർ മരുപ്പച്ചയുടെ നിലവാരത്തിലേക്ക് താഴരുത്. ഒന്നെങ്കിൽ സാത്താനെ തള്ളി ഈശോയെ സ്വീകരിക്കുക. അല്ലെങ്കിൽ ഈശോയെ തള്ളിപ്പറയുക. സാത്താൻ തനിയെ സഹകരിച്ചുകൊള്ളും. ഹല്ലേലൂയ്യാ തങ്കുവിനെ തള്ളികളഞ്ഞപ്പോൾ വടക്കേക്കൂറ്റ് സാർ അപ്പോളജെറ്റിക്സിനെ തള്ളി തങ്കുവിനെ സ്വീകരിക്കുന്നു. എന്തൊരു മറിമായം. ജന്മം കൊടുത്തവർ പോലും ഒരുതുരുത്തി വെള്ളവും അപ്പവും കൊടുക്കാതെ തള്ളിക്കളഞ്ഞ അപ്പോളജെറ്റിക്സ് ശിശുവിന്റെ രോദനം ഇപ്പോഴും നമുക്ക് കേൾക്കാം. ചിലർ പറയുന്നു കുഞ്ഞിനെ അവന്റെ അപ്പൻ തിരിച്ചു വന്നെടുക്കും. എടുത്തേ പറ്റു കാരണം ഇലക്ഷനടുത്തു. അത്തി തളിർക്കുമ്പോൾ വേനലടുക്കും എന്നതുപോലെയാണ് ഇലക്ഷനടുക്കുമ്പോൾ ഉപദേശം തളിർക്കും. ഏതായാലും ഇതൊക്കെ കണ്ട് പരിഷ്കൃത ചേരി ചിരിച്ചുതുടങ്ങി. *"പ്രാർത്ഥിക്കുന്ന ഏലിയാബേ യിസബേലു നിന്നെ കൊല്ലത്തില്ല കൊല്ലത്തില്ല കൊല്ലത്തില്ലാ.....".*

# താലന്തു പരിശോധന

**മുണ്ടക്കയം:** ഇന്ത്യാ ദൈവസഭ മുണ്ടക്കയം ഡിസ്ട്രിക്ട് – പാറത്തോട് സഭാ ഹാളിൽ വെച്ച് സെപ്റ്റംബർ 3-ാം ശനിയാഴ്ച സണ്ടേസ്കൂൾ ഡിസ്ട്രിക്ട് താലന്തു പരിശോധന ഡിസ്ട്രിക്ട് പാസ്റ്റർ അനിയൻ കുഞ്ഞ് ശാമുവേലിന്റെ അദ്ധ്യക്ഷതയിൽ നടന്നു. ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയ കുട്ടികൾക്ക് സമ്മാന വിതരണം നടത്തി. എവർ റോളിംഗ് ട്രോഫി കുട്ടിയ്ക്കൽ സഭ സണ്ടേസ്കൂളിനും വ്യക്തിഗത ചാമ്പ്യൻഷിപ്പ് ഗ്ലോറി മോൾ സണ്ണിയും നേടി. സിസ്റ്റർ കെ. പി. ലീലാമ്മ സെക്രട്ടറിയായി പ്രവർത്തിയ്ക്കുന്നു.

## കല്ലുകടി

### നൂറ്റിയറുപത്തിയഞ്ചാമത് സഭയുടെ ജനന കഥ

വളരും തോറും പിളരുകയും പിളരും തോറും വളരുകയും ചെയ്യുന്ന പ്രതിഭാസത്തെക്കുറിച്ച് സാക്ഷാൽ കെ. എം. മാണി അവതരിപ്പിച്ച സിദ്ധാന്തം അന്വർത്ഥമാകുമാറ് പ്രാവർത്തികമാക്കുന്ന മലയാളി പെന്തെക്കോസ്തുകാർ അവരുടെ തനിനിറം അവർ കുടിയേറിയ രാജ്യങ്ങളിലെല്ലാം നടപ്പിലാക്കുകയാണ്. ഇതാ ഷാർജയിൽ നിന്നൊരു കഥ. തൊഴിൽ തേടി ഗൾഫിലെത്തിയ യുവാവിന് കൈത്താങ്ങായിരുന്ന സഭയിൽ അല്പം പ്രബോധനവും അല്പം പ്രവചനവും ഒക്കെ പരീക്ഷിച്ച് പയ്യൻ മുന്നേറി. സഭയുടെ ചിലവിൽ ഫ്ളാറ്റും അനുബന്ധചിലവുകളും ഒക്കെ സംഘടിപ്പിച്ച് ജോലിയിൽ നിന്നുള്ള വരുമാനം മിച്ചമാക്കുവാനും ഈ വിരുതന് കഴിഞ്ഞു. വെരട്ടിഫിക്കൽ പ്രവചനം നടത്തി കുറെപ്പേരെ ഭയപ്പെടുത്തുകയും ചെയ്തു. ഒടുവിൽ കുറച്ച് അംഗങ്ങളെ അടിച്ചുമാറ്റി. പുതിയൊരു സഭയ്ക്ക് രൂപം കൊടുക്കയും ചെയ്തു. ആ സഭ അങ്ങനെ ഷാർജയിലെ 165-ാമത് മലയാള പെന്തെക്കോസ്ത് സഭയായി. ഷാർജയിലെ എല്ലാ മലയാള സഭകളും കൂടിച്ചേർന്നാലും അവിടെയുള്ള ഒരു തെലുങ്ക് സഭയിലെയോ തമിഴ് സഭയിലോ അംഗങ്ങളുടെ അത്രയും എണ്ണം വരില്ല.

**ഒടുവിൽ കിട്ടിയത്** ഇത് എഴുതുമ്പോൾ ലഭിച്ച വാർത്ത ഷാർജയിലെ ശാരോൻ സഭയും പിളർത്തി ഒരു വിദ്വാൻ പുതിയ കൂട്ടായ്മ തട്ടികൂട്ടിയത്രെ. അങ്ങനെ 166-ാമതും സഭയും ഉടലെടുത്തു. വായനക്കാരുടെ കയ്യിൽ ജേണൽ എത്തുമ്പോഴേക്കും സംഗതി എന്തായുമെന്ന് ഊഹിക്കാൻ പറ്റുന്നില്ല.

**അടിക്കുറിപ്പ്:** ചൊട്ടയിലെ ശീലം ചുടല വരെ

## 01 വി.എം. മാത്യു..

രചനകൾ അച്ചടിച്ച ഒറിജിനൽ പത്രങ്ങൾ തന്നെ അയയ്ക്കണം. ഫോട്ടോ കോപ്പി പരിഗണിക്കുന്നതല്ല. ഒരാൾക്കു ഓരോ ഇനത്തിലും രണ്ടു കോപ്പി വീതം അയയ്ക്കാം. പ്രസാധകർക്കും എഴുത്തുകാർക്കും അയയ്ക്കാവുന്നതാണ്. 2011 ഒക്ടോബർ 11-ന് മുമ്പ് എൻട്രികൾ ലഭിച്ചിരിക്കണം.

ദൈവശാസ്ത്രജ്ഞന്മാരും മികച്ച പത്രലേഖകരും സാഹിത്യകാരന്മാരുമടങ്ങുന്ന ഒരു സംഘമാണ് അവാർഡ് നിർണ്ണയം നടത്തുക.

Christhavachintha Manickamangalam P.O.,
Kalady - 683 574, Kerala, India

## 01 ബൈബിളിന്റെ ദൈവ നിശ്വാസിയത.....

പങ്കെടുക്കുന്നതാണ് ആശങ്കാജനകം. പെന്തെക്കോസ്തു പത്രമായ മരുപ്പച്ചയിൽ ലേഖനം എഴുതുന്ന ഇദ്ദേഹം പെന്തെക്കോസ്തൽ പ്രസ്സ് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ പരിപാടികളിലും സജീവ സാന്നിധ്യമാണ്.

മാധ്യമവിചാരം



അനിൽ കൊടിത്തോട്ടം
anilkodithotam@gmail.com

# യിസബേലു നിന്നെ ഖൊല്ലത്തില്ല ഖൊല്ലത്തില്ല ഖൊല്ലത്തില്ല

ജേണലും സ്വർഗ്ഗീയ ധ്വനിയും തമ്മിൽ നടന്ന ഓണത്തല്ല് കഴിഞ്ഞു. കടകം, ഓതിരം, മുച്ചുവട്, കുരിശുവെട്ട്, പുലിയങ്കം തുടങ്ങിയ പരമ്പാരഗത കായിക ഇനങ്ങളൊന്നും കാര്യമായി അരങ്ങേറിയില്ലെങ്കിലും കളം കൊഴിപ്പിക്കുന്നതിൽ ഇരു പക്ഷവും വിട്ടുവീഴ്ച ചെയ്തില്ല. ഐ. പി. സി. ഇലക്ഷൻ വെറും മാനുഷികമെന്നു വരികിൽ ഞങ്ങൾ നാഴിക തോറും പ്രാണഭയത്തിലാകുന്നത് എന്തിന്? ഇത്രവലിയ മൃഗയുദ്ധം നടന്നത് എന്തിന് എന്നൊക്കെ ആയിരിക്കുന്നു ഇപ്പോഴത്തെ ആശങ്കകൾ.

ഓണത്തല്ലിൽ കക്ഷി ചേരാൻ സൗഹൃദപൂർവ്വം മാധ്യമ വിചാരകനെ സ്വർഗ്ഗീയ ധ്വനി ക്ഷണിച്ചിരുന്നെങ്കിലും അവരുടെ സ്നേഹം എന്നെ വല്ലാതെ വീർപ്പുമുട്ടിച്ചിരുന്നു. സ്നേഹത്തിന്റെ ആധിക്യം ഏത് കഠിന ഹൃദയനെയും ചഞ്ചലഹൃദയനാക്കും. ഏതായാലും കളി കാണുക എന്നതിലുപരി മറ്റൊന്നിലും താല്പര്യമില്ലെന്നറിയിച്ച മാധ്യമവിചാരകനെ ലക്ഷ്യമിട്ടുള്ള ഒളിയമ്പുകളായി തൊട്ടടുത്ത ലക്കം സ്വർഗ്ഗീയധ്വനിയുടെ സാരാംശം. ജീർണ്ണലിസം, മെഗലോമാനിയ തുടങ്ങി മതേതര ലോകത്തു നിന്ന് ഈ ലേഖകൻ ക്രൈസ്തവ സാഹിത്യത്തിലേക്ക് പറിച്ചു നട്ട പദങ്ങളുൾപ്പെടെ പലതും പകർത്തിയെഴുതി പത്രക്കാരനായ പാണ്ടനാടൻ ഗുരുക്കളെ തന്നെ കളത്തിലിറക്കി മാധ്യമവിചാരകനെ പത്ര ധർമ്മം പഠിപ്പിക്കാൻ സ്വർഗ്ഗീയധ്വനി ശ്രമം നടത്തിക്കഴിഞ്ഞു. ഗുരുക്കൾ പണ്ടേ ഇങ്ങനെയാണ്. മുളക്കുഴയിലെ അരമന രഹസ്യങ്ങൾ ജേണലിലെത്തിക്കും. ജേണലിന്റെ നീക്കങ്ങൾ ജ്യോതിമാർഗ്ഗത്തിലറിയിക്കും. ജ്യോതിയുടെ മാർഗ്ഗങ്ങൾ യുഗാന്ത്യസന്ദേശത്തിലൂടെ മാലോകരിലെത്തിക്കും. അങ്ങനെ കുളം കലക്കി മീൻ പിടിക്കും. ഒടുവിൽ ഞാനൊന്നും അറിഞ്ഞില്ലേ കുഞ്ചായാ എന്ന മട്ടിൽ തല താഴ്ത്തി നടക്കും. നല്ല പത്രക്കാരാനാവാൻ പഠിച്ചില്ലെങ്കിലും വേണ്ട, ആ ഗുരുവിന്റെ അഭ്യസനം വേണ്ട. തമ്പാനൂരെ ശങ്കരൻകുട്ടി ആലുവയിലെ മണികണ്ഠൻ തമ്മനം കബീർ അങ്ങനെ പേരുകേട്ട ചട്ടമ്പിമാർ കൂടെയുണ്ട് എന്നൊക്കെ ഗീർവാണം തട്ടി ഏടാകുടത്തിൽ എടുത്തുചാടും ഒടുവിൽ കളം മാറും. ഗുരുക്കൾ തീ കൊണ്ട് തല ചൊറിയരുത്. വിടുവിപ്പാൻ ആരും ഉണ്ടാകയില്ല (സ്വർഗ്ഗീയ ധ്വനി പോലും) എന്ന് മാത്രം പറഞ്ഞ് ഗുരുവിനെ വിടുന്നു.

ആധാർ നമ്പറിനെക്കുറിച്ച് പ്രസംഗിച്ച് പ്രവചന പ്രസംഗകർക്ക് വഴിതെറ്റുന്നുവെന്ന സ്വർഗ്ഗീയ ധ്വനിയുടെ പരിഭവം ആരെയാണാവോ ലക്ഷ്യം വെയ്ക്കുക? ആധാറിന്റെ സാമൂഹിക വശങ്ങളെ ഏറിയഭാഗവും പരാമർശിച്ച് വെളിപ്പാടു പതിമൂന്നിലെ അറുന്നൂറ്റി അറുപത്തിയാറിലേക്ക് ക്രമേണ നമ്മെ നയിക്കുന്ന തന്ത്രമാണിതെന്ന് ഈ ലേഖകൻ ക്രൈസ്തവ ചിന്തയിലൂടെ അഭിപ്രായപ്പെട്ടിരുന്നു. ഈ ലേഖകൻ എഴുതിയതിനെക്കാൾ മികച്ച മറ്റൊരു ലേഖനം തൊട്ടടുത്ത ലക്കം ഗുഡ്ന്യൂസിൽ വന്നിരുന്നു. ആശയങ്ങൾ സമാനം. ഇതിലൊന്നും ആധാർ അറുനൂറ്റി അറുപത്തിയാറാണെന്ന് ആരും പറഞ്ഞിട്ടില്ല. പിന്നെ സ്വർഗ്ഗീയധ്വനിയ്ക്ക് എന്തിന് ആശങ്ക. എങ്കിൽ പിന്നെ പറഞ്ഞയാളിനെ പേരെടുത്തെഴുതി തിരുത്തി കൂടെ. കെ. ഏബ്രഹാമിനും സജിത്തിനും മറ്റുമൊക്കെയായി ഏർപ്പെടുത്തിയ വിലക്ക് ആവർത്തിച്ചു കൂടെ? തെറ്റ് സ്വർഗ്ഗീയ ധ്വനിയുടേതല്ല വരാനിരിക്കുന്ന ഐ. പി. സി. ഇലക്ഷന്റെ കരുനീക്കങ്ങളിൽ തിരക്കുപിടിച്ച് ബൈബിൾ പോലും വായിക്കാനാവാത്ത തിരക്കിൽ സ്വർഗ്ഗീയ ധ്വനിയുടെ ബുദ്ധി കേന്ദ്രങ്ങൾ എങ്ങനെ വായിക്കും ആധാർ എന്തെന്ന്? കഴിഞ്ഞലക്കം മാതൃഭൂമി ആഴ്ചപ്പതിപ്പിൽ മനുഷ്യനെ ചാപ്പകുത്തരുത് എന്ന ശീർഷകത്തിൽ വി. എസ്. അച്ചുതാനന്ദൻ സുദീർഘമായ ഒരു ലേഖനം തന്നെ നൽകുന്നുണ്ട്. അതൊക്കെയൊന്നു വായിച്ചിട്ട് പോരെ സംവാദം? വായിച്ച് ഏകദേശമൊക്കെ പിടികിട്ടുന്നെങ്കിൽ നമുക്ക് ചർച്ചയാവാം. കൂടെയൊരു കൈയ്യാളായി പാണ്ടനാടൻ ഗുരുക്കളെയും കൂട്ടാം.

കുമ്പനാട്ടെ ഡ്രെയിനേജ് സംവിധാനത്തിന്റെ അപര്യാപ്ത നിമിത്തം നമുക്ക് ഇത്തവണ പാമലയിലോ മാരാമണ്ണിലോ പോകണം എന്നാണ് ഹല്ലേല്ലൂയ്യായുടെ പത്രാധിപർ സാംകുട്ടിചാക്കോ ആഹ്വാനം ചെയ്തിരിക്കുന്നത്. തങ്കുവിനെ വല്ലാതെ മടുത്തിരിക്കുന്നു എന്നർത്ഥം. ന്യൂ ജനറേഷൻ ഉപദേശത്തെ പ്രതിരോധിക്കാൻ രൂപപ്പെട്ടതാണ് പാമല സഭയെന്ന് ഔദ്യോഗിക സ്ഥാനീയർ തന്നെ വ്യക്തമാക്കുമ്പോൾ സാംകുട്ടിയുടെ ചുവടുമാറ്റം എങ്ങനെയെന്ന് ഇവിടെ വ്യക്തമല്ല. കുമ്പനാട്ടെ അവസരങ്ങൾ മുപ്പല്ലിയ്ക്ക് കുത്തിയെടുത്ത് വത്സൻ ഏബ്രഹാം നടത്തുന്ന നീക്കങ്ങളിൽ മനം മടുത്ത ഹല്ലേല്ലൂയ്യായ്ക്ക് ചേട്ടൻ വാവയും അനിയൻ വാവയും കുഞ്ഞുവാവയും അടങ്ങുന്ന നെടുമ്പ്രം ബ്രദേഴ്സിന്റെ കുടുംബ ഭരണം കണ്ണിൽ പെടാതെ പോകുന്നത് അത്ഭുതകരം. കുടുംബ ഭരണമാവാം വീതം വെയ്ക്കലാവാം പക്ഷേ വേണ്ടപ്പെട്ടവർ ചെയ്താൽ മിണ്ടാതിരിക്കണം.

മാലിന്യ പ്രശ്നം കൊണ്ട് ചില ഗുണങ്ങളുമുണ്ട്. അരമതിലിൽ കുട്ടിപ്പത്രങ്ങൾ വിരിച്ച് ഇരിക്കുന്നവരെ നേരിടാൻ ചെളി കുഴച്ച് ഇരിക്കാൻ വരുന്നവന്റെ അനുപാതത്തിൽ തുലാഭാരം അർപ്പിക്കുന്ന വഴിപാട് കഴിഞ്ഞവർഷങ്ങളിൽ ഉണ്ടായിരുന്നു. ഇത്തവണ ചെളിയ്ക്കുപകരം ഈ ജൈവ പ്രതിരോധ സംവിധാനം ഏർപ്പെടുത്താൻ കഴിയണം. അങ്ങനെ നമ്മുടെ സൗരഭ്യം മുഴുലോകവും അറിയട്ടെ.

പത്രങ്ങൾ കുറെനാളുകളായി മെലിഞ്ഞുവരികയാണ്. ജേണൽ, ജാലകം, സ്വർഗ്ഗീയ ധ്വനി അങ്ങനെ മിക്ക പത്രങ്ങളും പേജുകളുടെ എണ്ണം കുറച്ചും കൂട്ടിയും ഒരുതരം കിതപ്പ് കാട്ടുന്നു. മറുപ്പച്ച ഒരു മുഴു

06

## ടീച്ചേഴ്സ് ട്രെയിനിംഗ് ക്യാമ്പ് സമാപിച്ചു



**കോട്ടയം:** ശാരോൻ ഫെലോഷിപ്പ് സൺഡേസ്കൂൾ അസോസിയേഷൻ നാഷണൽ ടീച്ചേഴ്സ് ട്രെയിനിംഗ് ക്യാമ്പ് ആഗസ്റ്റ് 29, 30 തീയതികളിൽ മാങ്ങാനം ക്രൈസ്തവ ആശ്രമത്തിൽ വെച്ചു നടന്നു. പാസ്റ്റർ റ്റി. എം. വർഗ്ഗീസിന്റെ അദ്ധ്യക്ഷതയിൽ ജനറൽ സെക്രട്ടറി സാജൻ. സി. ജേക്കബ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. തുടർന്നു നടന്ന സെക്ഷനുകളിൽ പ്രൊഫ. സൂസൻ തോമസ്, റവ. ജോൺ ഫിലിപ്പ്, പാസ്റ്റർ ഏബ്രഹാം മന്ദമരുതി, റവ. ജേക്കബ് ജോർജ്ജ്, സുവി. ബാബു തോമസ് എന്നിവർ ക്ലാസ്സുകൾ നയിച്ചു.

പാസ്റ്റർമാരായ ആർ. ഫ്രാൻസിസ്, റോയി വർഗ്ഗീസ്, പി. എ. ചാക്കോച്ചൻ, ജോൺ മാത്യു, ബ്രദേഴ്സ് കെ. ഇ. ജോർജ്ജുകുട്ടി, പി. സത്യൻ തുടങ്ങിയവർ വിവിധ സെക്ഷനുകളിൽ അദ്ധ്യക്ഷതവഹിച്ചു. ബ്രദർ കെ. തങ്കച്ചന്റെ അദ്ധ്യക്ഷതയിൽ നടന്ന സമാപന സമ്മേളനത്തിൽ ഡയറക്ടർ പാസ്റ്റർ സാബു പോൾ സന്ദേശം നൽകുകയും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയുമുണ്ടായി. ബ്രദർ റ്റി. പി. ജോർജ്ജ് സ്വാഗതവും, പാസ്റ്റർ റ്റി. സി. മാത്യു നന്ദിയും അറിയിച്ചു. പാസ്റ്റർ ജോസ് ജോർജ്ജ്, ബ്രദർ റ്റി. തങ്കച്ചൻ എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി

## ദൈവവിളിയ്ക്ക് യോഗ്യമായ ജീവിതം നയിക്കുക: ഡോ. ജോർജ്ജ് മാത്യു




**അഗർത്തല:** ദൈവമക്കൾ ആധുനീക പ്രവണതകളെ അന്ധമായി അനുകരിക്കാതെ തങ്ങളെ വിളിച്ച ദൈവവിളിയ്ക്കു യോഗ്യമായ ജീവിതം നയിക്കേണം എന്ന് ഡോ. ജോർജ്ജ് മാത്യു പറഞ്ഞു. ഐ. പി. സി. തൃപുര സ്റ്റേറ്റിന്റെ 5–ാമതു വാർഷിക കൺവൻഷൻ ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു. സ്റ്റേറ്റ് പ്രസിഡന്റായ അദ്ദേഹം ആഗസ്റ്റ് 13,14 തീയതികളിൽ വെസ്റ്റ് തൃപുരയിലെ വിശ്രാം ഗഞ്ച് ഗ്രാമത്തിൽ നടന്ന കൺവൻഷന്റെ മുഖ്യ ചിന്താവിഷയം “വിളിച്ച വിളിയ്ക്ക് യോഗ്യമായ് ജീവിയ്ക്കുക” എഫെ. 4:1 എന്നതായിരുന്നു.

റവ. അനിൽ ദേവർമ്മ, കെ. ജെ. ജോസഫ് എന്നിവരും തീം ആധാരമാക്കി വിവിധ സെക്ഷനുകളിൽ സംസാരിച്ചു. തൃപുരയിലെ വിവിധ സെക്ഷനുകളിൽ സംസാരിച്ചു. തൃപുരയിലെ ഗ്രാമങ്ങളിൽ നിന്നും കടന്നുവന്ന ഗോത്ര വർഗ്ഗക്കാരുടെ പ്രത്യേക പ്രോഗ്രാമുകളും, പ്രവർത്തന സമ്മേളനം, ജീവ കാരുണ്യ പ്രവർത്തനങ്ങൾ എന്നിവയും നടന്നു. പാസ്റ്റേഴ്സ് കിരിത്ത് കിഷോർ, അജോയ്, സമീർ, സുകുമാർ ആദിയായവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നു.

PHOEBE CHILDRENS HOME
NARIYAPURAM

നരിയാപുരം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന അനാഥ ബാല്യങ്ങളുടെ പുനഃരധിവാസ കേന്ദ്രമാണ് ഫേബ ചിൽഡ്രൻസ് ഹോം. ഫിലിദെൽഫിയ കംമ്പാഷൻ സൊസൈറ്റി (Philadelphia Compassion Society Reg.No: 2966/04-T) യുടെ ആഭിമുഖ്യത്തിലാണ് ഫേബ പ്രവർത്തിക്കുന്നത്. റവ. കെ.എം. ജോൺസൺ പൂവൻതുരുത്ത് (പ്രസിഡന്റ് & ഡയറക്ടർ) പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്നു. ദൈവമക്കളുടെ പ്രാർത്ഥനയും സഹായങ്ങളും ഞങ്ങൾക്ക് ആവശ്യമുണ്ട്. അനാഥരും ആലംബഹീനരുമായ കുട്ടികൾക്കാണ് ഫേബയിൽ പ്രവേശനം നൽകിയിരിക്കുന്നത്.



President & Director

ഞങ്ങളുടെ വിലാസം

Rev. K.M. Johnson, Poovanthuruth
Phoebe Childrens Home,
Nariyapuram P.O.
Pathanamthitta, Kerala - 689 513
Phone :+91- 9497161022
E-mail:info@phoebechildrens home.com
Website :
www.phoebechildrenshome.com




We Need :
Contributions, Sponcerships, Dresses, Books, Educational Equipments, Periodicals Food Materials, Toys etc.....

Please Send your Helps to Phoebe Childrens Home in favour of

'Philadelphia Compassion Society'
A/c No. 021501001008
ICICI Bank,
(IFSC/RTGS/NEFT Code -0000215)

*25 September 2011*
*Vol: 04, Issue: 18*
RNI. No. KERMAL/2008/26530
Postal Reg. No. KL/TLA225/2009-11
Posted on 25 the SEPTEMBER 2011 at RMS Thiruvalla

# Believers Journal

BELIEVERS JOURNAL
P.O. Box: 31, Manjadi P.O
Thiruvalla, Kerala - 689 105
Office: 9349276586, Mob: 9447368795
beljourn@gmail.com,www. beljourn.com







Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd. Eloor For Goodnews Printing Press Kottayam1 (Kerala ) Editor - Samkutty Mathew.